# അന്തിമഹാകാലം (2007)

**ഉള്ളടക്കം**


ഹ ചോദ്യം എന്ന ഉത്തരം
ഹ വേവലാതി
ഹ മാതൃഭാഷ
ഹ പ്രവാസം
ഹ നിഴലുകൾ
ഹ ത്രിശങ്കുസ്വർഗം
ഹ വേനൽമഴ
ഹ ചതുർബാഹുദർശനം
ഹ ആത്മാർപ്പണം
ഹ നൈമിഷികങ്ങൾ
ഹ ബുഫേ
ഹ വളർച്ച
ഹ ഞാനെന്ന ഭാവം
ഹ ഇരുക്കാലി പ്രാർത്ഥന
ഹ നാലൊന്നിൽ നാലുമൊന്ന്
ഹ ഗുരുവായൂരിൽ
ഹ മനഃപാഠത്തിലേക്ക് ഒരേട്
ഹ വർത്തുളാനന്ദം
ഹ ചമ്രവട്ടത്തയ്യപ്പന്റെ മുതല
ഹ തൊണ്ട തുറന്നൂ വൈത്തിയ്ക്ക്
ഹ ആര്യാവർത്ത ചർച്ച
ഹ കുറ്റിപ്പുറം–ഗുരുവായൂർ റെയിൽവെ
ഹ നിരാമയൻ
ഹ ഇന്നൊന്നുറങ്ങട്ടെ
ഹ യുദ്ധപ്പുഴ
ഹ അന്നദാതാവിന്റെ ശതാബ്ദി
ഹ പ്രധാനമന്ത്രി
ഹ പുളകോദ്ഗമം
ഹ അധ്വാനം ഉണർന്നപ്പോൾ
ഹ കൊടിമരപ്രശസ്തി
ഹ ജാതകഫലം
ഹ സൗരഭസ്മരണ
ഹ കുലപതി
ഹ സർവ്വഭൂതഹൃദയം
ഹ കേശവായ നമഃ
ഹ പലായനേച്ഛ
ഹ വിത്തിലെ വിദ്യ
ഹ കണ്ണനെത്തേടി
ഹ മരണമില്ലാത്ത മനുഷ്യൻ*
ഹ കാലക്ഷേപത്തിന്റെ കഥ
ഹ വായിൽ കല്ലിട്ട വിദുരൻ
ഹ ആക്സിലൊടിഞ്ഞ ട്രക്കിൽ നിന്ന് ഒരു പാട്ട്
ഹ അനേകാഗ്രത
ഹ ഉതിർമണികൾ
ഹ നൈമിഷ സൗഭാഗ്യം
ഹ മൂന്ന് മുഹൂർത്തം
ഹ തൊള്ളേക്കണ്ണൻ
ഹ ഇളിച്ചിവായൻ
ഹ ആശ്വാസം


## ചോദ്യം എന്ന ഉത്തരം

**തോ**ടു പൊട്ടിപ്പുലരൊളി–
ക്കുളിർകോരുന്ന മാത്രയിൽ
കോഴിക്കുഞ്ഞു മിഴിക്കുന്ന
കൺകളിൽക്കൂടി നോക്കി ഞാൻ:
'എവിടെപ്പോയെൻ മനസ്സിൽ
പണ്ടു ശബ്ദിച്ച പുൽക്കുഴൽ?
എവിടെപ്പോയ് കൃഷ്ണ, കാലിൽ
കിലുങ്ങിയ ചിലങ്കകൾ?
എവിടെപ്പോയെന്റെ രക്ത–
നാഡിതോറുമുഴറ്റൊടെ
ഓളംവെട്ടിക്കൊണ്ടിരുന്ന
കളഭത്തിന്റെ സൗരഭം?
എവിടെപ്പോയെന്റെ നാവിൽ
നിദ്രാണനിമിഷത്തിലും
പ്രസരിച്ചുംകൊണ്ടിരുന്ന
പായസാമൃതനിർവൃതി?
*ചവർ വീഴും മുമ്പെണീറ്റ
തള്ളപ്പയ്ക്കൊമ്പിലെ ത്വര
എഴുന്നേൽപ്പിച്ചിടും കാള–
ക്കിടാവിൻ കൈകൾ കൂപ്പി ഞാൻ

വിമാനത്തിന്നിരമ്പം, സാ–
ർത്ഥവാഹൻതന്നഹങ്കൃതി
യുഗങ്ങൾതൻ മേഘമാർഗ–
ങ്ങളെപ്പിൻതള്ളി; ആരു ഞാൻ?

## വേവലാതി

മൊച്ചപോലെ മരങ്ങളിൽ ചാടിയ
കൊച്ചുകുഞ്ഞായിരുന്ന വാർദ്ധക്യമേ,
ഇന്നു മുറ്റത്തെക്കല്പകവൃക്ഷത്തിൻ
മുന്നിൽക്കൈകാൽ വിറച്ചുനില്പല്ലി നീ
വാതപിത്തകഫങ്ങൾതൻ കോപത്താൽ
ആതുരം നിന്റെ ദാഹം നിരീക്ഷിപ്പൂ
തുംഗകല്പകാഗ്രത്തിൽ പ്രകൃതിതൻ
മംഗളാനുഗ്രഹാമൃതകുംഭങ്ങൾ.
നീട്ടിനീട്ടി വലിച്ചു തിമിരാർത്തി
തോട്ടികൊണ്ടിളന്നീർക്കുടമെങ്കിലും
കൊറ്റിവാലിലും കൊണ്ടില്ല തോട്ടിതൻ
കൊക്ക കഷ്ടം, കുളക്കോഴിവാലിലും.
പെപ്സി മോന്തും അയൽച്ചെറുപ്പങ്ങളു–
ണ്ടപ്സരോമൃതകുംഭങ്ങൾതൻ കീഴിൽ
ആവതില്ലാ മരംകേറുവാനെന്ന
വേവലാതിയായ് മേലോട്ടു നോക്കുന്നു,
വൃദ്ധസേവനവ്യഗ്രമാണെങ്കിലും
ഇട്ടുപോയില്ലേ കാലുറ പാപ്പാസ്സും?

## മാതൃഭാഷ

സംസ്കൃതദ്രാവിഡരഞ്ജിതമാകയാൽ
സമ്പൂർണ്ണമീ മലയാളഭാഷ
ഐക്യരാഷ്ട്രീയസദസ്സിലുമമ്മതൻ
ഐശ്വര്യമായ് പ്രകാശിച്ച ഭാഷ,

അമ്മതൻ വാത്സല്യത്തൂമുലപ്പാൽ വഴി–
യ്ക്കാത്മാവിൽ പറ്റിപ്പിടിച്ച ഭാഷ,
സശ്രദ്ധമഭ്യസിച്ചാൽ മതി, വന്നെത്തും
വിശ്വംമുഴുവനും കൈപ്പിടിയിൽ.

മാതൃഭാഷാവിദഗ്ധർക്കു വഴങ്ങുന്നു
മറ്റെല്ലാ ഭാഷയും നിഷ്പ്രയാസം
മാതൃഭാഷാവിദഗ്ധർക്കൊപ്പമുണ്ടാവും
മാതൃവാത്സല്യം നട്ടെല്ലുപോലെ.

അമ്മയ്ക്കു കുഞ്ഞിനോടുള്ള വൻസ്നേഹത്തിൽ
ആമഗ്നമായ മൊഴികളത്രേ
ഭാവസ്വരങ്ങളിലൂടൊലിച്ചെത്തുന്ന
ജീവന്റെ ഭാഷയായ് മാറിടുന്നു.

അക്ഷരം, വാക്ക,ർത്ഥമെന്നിവയൊന്നുമ–
ല്ലാന്തരസത്യം; ഇക്കാരണത്താൽ
മറ്റേതു ഭാഷയെക്കാളും ബലിഷ്ഠമായ്
പെറ്റമ്മതൻ സ്നേഹമുജ്ജ്വലിപ്പൂ.

സ്നഹത്തിൽ നിന്നുദിക്കും മാതൃഭാഷതാൻ
സ്നേഹത്താൽ വർദ്ധിച്ചിടുന്ന ഭാഷ.
സ്നേഹത്താൽ മൃത്യുവിൻ ദ്വീപിലും സ്വർഗീയ–
ഗേഹം പണിയുന്ന മാതൃഭാഷ.

സംസ്കൃതദ്രാവിഡരഞ്ജിതമാകയാൽ
സമ്പൂർണ്ണമീ മലയാളഭാഷ
ഐക്യരാഷ്ട്രീയ സദസ്സിലുമമ്മതൻ
ഐശ്വര്യമായ് പ്രകാശിച്ച ഭാഷ.

## പ്രവാസം

മഴ കഴിഞ്ഞുവോ?

മരങ്ങളിൽ മുത്തു–
മണികളോ? മിന്നി–
മിനുങ്ങും പ്രാണനോ?
പ്രവാസിതൻ കാതിൽ
സ്വദേശത്തെസ്സഖീ–
പ്രശാന്ത ഗദ്ഗദം
റിസീവർ ചുംബിക്കെ
പൊടുന്നനെ സൂര്യ–
നുദിച്ചുവോ? ഹൃത്തിൽ
പൊഴിയുന്നു സ്വന്തം
നരമുടികളോ?
നടുങ്ങും പട്ടണ–
ഗൃഹത്തിലെപ്പനീർ–
ച്ചെടിക്കാറ്റിലുഷ–
സ്സടർന്നു വീഴ്കയോ?
തളരും തൻ നാട്ടിൽ
പുളിമരക്കൊമ്പിൽ
കിളരുന്നൂ ക്ഷണാൽ
കിളിമൊഴികളോ?
കളകളം രാവി–
ന്നിരുളിനെക്കീറി–
പ്പുളകമായ് തന്നെ–
പ്പൊതിഞ്ഞുനിൽക്കയോ?
വിദൂരത കീറി–
പ്പുണരും മാനവ–
ഹൃദയൈക്യത്തിലെ–
ത്തളർച്ചയോ മോക്ഷം?

## നിഴലുകൾ

വരുത്തിക്കുരുത്തൈലം*
കൊണ്ടു വാർദ്ധക്യത്തിലെ
ഞരമ്പിൻ ചുളുചുളെ-
ക്കുത്തിനെ നിയന്ത്രിയ്ക്കെ
അരനൂറ്റാണ്ടിൻ കൈക്കു-
റ്റപ്പാടു വെള്ളത്തിലെ
വരയായതിൽക്കേഴും
മൗനഭിത്തിയിൽച്ചാരി
പൂമുഖത്തിരിയ്ക്കുന്ന
കവിതൻ മുന്നിൽക്കാറി-
ലോമനസ്വപ്നംപോൽ വ-
ന്നിറങ്ങുമുത്സാഹങ്ങൾ
ആദരിച്ചാരായുന്നു,
'വിരചിക്കുന്നൂ ഞങ്ങ-
ളങ്ങയെക്കുറിച്ചൊരു
ദൂരദർശനചിത്രം;
തെല്ലിട മുങ്ങിക്കിട-
ന്നീടാമോ കുളത്തിലെ
വെള്ളത്തിൽ? പുറകിൽ നി-
ന്നാപ്പടമെടുത്തീടിൽ
മനുഷ്യർ നമിക്കുന്നൂ
തലകീഴായ് നിൽക്കുന്ന
മരങ്ങൾക്കുമെന്നോർത്തു
കാണികളാഹ്ലാദിക്കും!'

ഊഊഊ

കവിയ്ക്കു ചിരിവന്നു;
ബാല്യത്തിൽ ശീർഷാസന-
കലതാൻ പരിശീലി-
ച്ചിരുന്നതയാളോർത്തു.
ഏഴരവെളുപ്പിൽപ്പോയ്
മുങ്ങിയിട്ടരയോളം
ആഴത്തിലൊരായിര-
ത്തൊന്നുരു നിസ്തന്ദ്രമായ്
ചൊല്ലിയതല്ലോ സൂര്യ-
ഗായത്രി; അന്നേ കണ്ടി-
ട്ടുള്ളതാണൊരുപാടീ-
യുദ്ഭിജശീർഷാസനം!
'ആഗതന്മാർതൻ സന്തോ-
ഷത്തിനിന്നീയുദ്ഭിജ-
സ്നേഹിതർക്കുടൻ നീറ്റിൽ
മുങ്ങി താൻ നമിയ്ക്കേണ്ടൂ!
നിഴലാണവർ; അവർ-
ക്കായ് നീറ്റിൽസ്സസന്തോഷം
മുഴുകും കവി ഞാനും,'
എന്നവൻ വിചാരിച്ചു.
നിഴൽപോയ് നിഴലിനെ
നമിയ്ക്കുന്നതിൻ വർണ്ണ-
നിഴൽ നിർമ്മിയ്ക്കും സുഹൃ-
ത്തുക്കളും നിഴലല്ലോ!

# ത്രിശങ്കുസ്വർഗം

എന്നും പ്രസംഗിയ്ക്കുവാനും കഴികയി–
ല്ലെന്നും കവിതയെഴുതുവാനും.
മണ്ണിൽ കിളയ്ക്കാൻ കഴിയില്ല കൈക്കോട്ടാ–
ലെന്നും; മരത്തിൽ കയറുവാനും.
വാർധക്യമെന്നൊരു സത്വം ജനങ്ങൾതൻ
മൂർധാവിൽ കുത്തിയിരിപ്പുണ്ടല്ലോ.
എന്നാൽ ഞാൻ ചെയ്തവ ഞാനല്ല ചെയ്തതെ–
ന്നെന്നേ ഞാനൂഹിച്ചറിഞ്ഞിരുന്നു
കാട്ടുവഴിയിലും തോട്ടിൻകരയിലും
ഗോട്ടികളിച്ച കാലത്തുപോലും!
എങ്കിലും ഞാൻതന്നെയാണതു ചെയ്യുന്ന–
തെന്നുപബോധം നടിച്ചിരുന്നു.
ഇന്നോ, പകൽവെളിച്ചം പോലറിവേ,ന–
തൊന്നും ശരിയ്ക്കെന്റെ കർമമല്ല.
എന്റെ വിജയവും തോൽവിയും യാതൊന്നു–
മെന്റെയെല്ലെന്റെയല്ലെന്റെയല്ല.
എത്ര ഭാരിച്ചതാണിപ്പൊഴും ഞാനേറ്റു–
മിത്രിശങ്കുസ്വർഗം! ഞാനറിവേൻ.

# വേനൽമഴ

**മഴയ്ക്കുമുമ്പ്**
നിളയിലെ മണൽത്തരികൾ ഞങ്ങളാരായുന്നു,
കളജലതരംഗമിന്നെവിടെ?
ആനമല പെറ്റവർ ഞങ്ങൾതൻ തോഴിമാ–
രാനന്ദരൂപിണികളെവിടെ?

ആകാശമുത്തുകൾ, അവർ പാടവേ ഞങ്ങ–
ളാടിത്തിമിർത്തതി,ന്നോർമമാത്രം.
മഴപെയ്തീടുമ്പൊഴും വളരുന്ന ചെറുനാവിൽ
മരണമണിനാദമോ കൈക്കുന്നു?

പന്തിരുകുലത്തിന്റെ പാവനസ്മൃതി വീണ്ടു–
മന്തരംഗത്തിൽ കിനിഞ്ഞാലും
മലയാളഭാഷതൻ ഹരിതാഭ, പാവമേ,
മനതാരിൽ വീണു പിടയ്ക്കുന്നു!

വള്ളുവക്കോനാതിരിയുടെ പിന്മുറ
വെള്ളം കുടിക്കാതെ ചത്താലോ?
ചാവേർപ്പടയെഴുന്നേറ്റു വരില്ലയോ
ജീവപ്രപഞ്ചത്തെ രക്ഷിക്കാൻ?

**മഴയ്ക്കിടയിൽ**
കൊമ്പനാനകൾപോലേ കനിവിൻ
തുമ്പിക്കൈകളുയർത്തി
മുത്തുകൾ വാരിക്കോരി വിതയ്ക്കാ–
നെത്തീ കാർമുകിലോമനേ!

ഇടയ്ക്കപോലിടി മുരളുന്നു,
ഇടിമിന്നൽക്കൊടി പാറുന്നു,
ചക്രവർത്തി വരുന്നു ശാശ്വത–
വിക്രമി വർഷാകാലം!

വെള്ളിൽപ്പറവകളാഹ്ലാദത്താൽ
തുള്ളി മദിക്കട്ടെ;
വെള്ളിയുറുപ്പികപോലെ പുളക–
ത്തുള്ളി വിതയ്ക്കട്ടെ.

**മഴയ്ക്കുശേഷം**
അപരാധിയായ കണവനെപ്പെട്ടെ–
ന്നാലിംഗനം ചെയ്‌വൂ മുഗ്ധ–
ഇടിമുഴക്കം കേട്ട മണിയറയ്ക്കുള്ളിലെ–
ക്കിടിലം സഹിക്കവയ്യാതെ.

മധുരിക്കുമുന്മേഷലഹരിപോലാടുന്നു
മയിൽപ്പോലെയൊരു മർത്യഹൃദയം,
കുളിരേറ്റു വിടരുന്ന പൂക്കളെച്ചുംബിപ്പി–
തളികൾപോലിരുതരളവിനയം.

അഴകാർന്നു പൊങ്ങിപ്പരന്നു ജലധാരക–
ളൊഴുകുന്നു കടലിനെത്തേടി.
വികൃതിയിലെ നിത്യത തേടിക്കിതച്ചിടും
പ്രകൃതിസൗഭാഗ്യങ്ങൾപോലെ.

# ചതുർബാഹുദർശനം

ഗുരുപവനേശ, ചതുർഭുജ,
തിരുമുമ്പിൽക്കൺ തുറന്നടഞ്ഞപ്പോൾ
താമസനിമിക്കൺകളി–
ലെഴുതി പരാവിദ്യ കേവലാനന്ദം.

കൃതയുഗശാന്തിയറിഞ്ഞു
കൃതികളിലെ ജ്ഞാനതൃഷ്ണതൻ ചുണ്ടാൽ
തവ വാമശ്രവണത്തിൻ
താഴത്തോങ്കാരവൈഖരീലഹരി.

ത്രേതായുഗപാലകർതൻ
വ്യസനത്താൽ ധർമ്മചക്രചംക്രമണം
*'അസ്തുശ്രൗഷത്താ' യി–
ബ്ബിംബിച്ചു നിന്റെ ദക്ഷിണശ്രുതിയിൽ

ദ്വാപരയുഗനാഗരിക–
വ്യാപൃതി നിന്നിടതുകൈയിലെഗ്ഗദയാൽ
സ്ഥാപിതമെന്നുരിയാടീ
പൂജാമണിയിൽത്തുളുമ്പിടും ജിഹ്വ.

എങ്കിൽത്തീർച്ച, ഭവാന്റെ വ–
ലംകൈയിൽ സ്സുരഭിയായി വിരിയുന്നു
അധ്വാനവ്രതകലിത–
ന്നാഹ്ലാദത്താൽസ്സഹസ്രനാമം തേ!

# ആത്മാർപ്പണം

വായുവിലേക്കെൻ വായിൽനിന്നൂറിപ്പതിക്കുന്ന
വാക്കുകളെല്ലാം മന്ത്രജപമായ് ഭവിക്കട്ടെ!
ഞാനറിഞ്ഞുകൊണ്ടല്ലാതെന്റെ കൈവിരലുകൾ
കാണിക്കുമാംഗ്യം പൂജാമുദ്രയായ് ഭവിക്കട്ടെ!
ചലിപ്പൂ മൽപ്പാദങ്ങളെവിടെക്കാണെങ്കിലും
വലത്തുഭാഗത്തമ്മ വാണരുളീടേണമേ!
ഭക്ഷിപ്പൂ ഞാനെന്തൊക്കെയാകിലുമവയമ്മ–
യ്ക്കർപ്പിച്ച ഹോമദ്രവ്യമായി മാറീടേണമേ!
എങ്ങു ഞാൻ തളർന്നുവീണുറങ്ങുന്നതുമമ്മേ,
അങ്ങതൻ പാദാബ്ജത്തിൽ പ്രണമിക്കലാവട്ടെ!
എന്റെ സൗഖ്യത്തിന്നായ് ഞാൻ ചെയ്തുകൊണ്ടിരിക്കുന്ന–
തെന്തൊക്കെയാണെങ്കിലുമവയൊട്ടുക്കെന്നമ്മേ,
അമ്മയ്ക്കായ് ഞാനർപ്പിക്കും പൂജയാവട്ടേ, പര–
മാത്മാവും ജീവാത്മാവും സത്യത്തിൽ രണ്ടല്ലല്ലോ!

# നൈമിഷികങ്ങൾ

**നീ മാത്രം സത്യം**
കാലമേ, കനിയുക! സദയം വെട്ടിക്കള–
ഞ്ഞാലുമെൻ കൈക്കുറ്റപ്പാടിലുള്ള പാഴ്‌വാക്കുകൾ.
അർഥമുള്ളവ, നിത്യപ്രണവസംഗീതസാ–
ന്ദ്രാനന്ദം പൊഴിപ്പവ, വല്ലതും ശേഷിക്കുകിൽ
അതുമാത്രം നീ ശേഖരിച്ചുവെക്കുക! വെട്ടി–
യകറ്റീടുകെൻ പേർ; ഞാൻ മിഥ്യ; നീ മാത്രം സത്യം.

**ജാതിക്കൃഷി**
ജാതിക്കൃഷിയ്ക്കു മലനാ–
ടത്യുത്തമമെന്നു കൃഷിവിദഗ്ധന്മാർ;
എന്നാലിവിടെ മതകൃഷി–
യാണധികം മെച്ചമെന്നൊരവിദഗ്ധൻ.

**വിദ്യുച്ഛക്തി**
വരുന്നു പോകുന്നു വരുന്നു വിദ്യു–
ത്തൊരിക്കലും വിട്ടുപിരിഞ്ഞുകൂടാ
കരത്തിലെട്ടോർച്ചിനെ നമ്മൾ, ആരു
ഭരിക്കിലെന്തീ മലയാള രാജ്യം?
അല്ലായ്കിലാട്ടോർച്ചെവിടത്തിലുണ്ടെ–
ണ്ടെന്നല്ലാർക്കുമെല്ലായ്പ്പൊഴുമോർമ വേണം;
അല്ലെന്നിരിക്കിൽ ഗൃഹജീവിതത്തി–
ലല്ലിൽക്കുഴപ്പങ്ങളൊടുങ്ങലില്ല.

# ബുഫേ

വീണാൽപ്പൊട്ടുന്ന കളിമൺ
കിണ്ണം കയ്യിൽപ്പിടിച്ചു ഞാൻ
നിന്നുണ്ണുമ്പോളോർത്തു; സംസാ
രപ്രതീകമിതല്ലയോ?
ഏതുമാത്രയിലും വന്നു
പറഞ്ഞേയ്ക്കാമനന്തത
'മതി സാപ്പാടെ' ന്നു; വീണ്ടും
ഉണ്മേൻ ആപൽഭയത്തോടെ.
ശരീരം നിലനില്ക്കണ്ടേ?
കയ്യിൽക്കിട്ടുന്നതുണ്ണുക!
എരിവാലൂറിടും കണ്ണീർ
തുടയ്ക്കാനില്ലൊഴിഞ്ഞ കൈ.
കടിച്ചുവോ കൊതു? സഹി–
യ്ക്കുക കൈകഴുകുംവരെ.
കടയുന്നു കാൽ, മറക്കു–
കതും കൈകഴുകുംവരെ
വിറയ്ക്കുന്നുണ്ടിടംകൈ എ–
ന്നപ്പോഴേയ്ക്കൊരു സംശയം:
കാണുമോ വീണുപൊട്ടുന്ന
കിണ്ണത്തിൽ വില കീശയിൽ?

## വളർച്ച

ഇരവും പകലുമാലിംഗനം ചെയ്തു വേർ–
പിരിയന്നതിൻ നെഞ്ചിടിപ്പിലൂടെ,
നിമിഷം നിമിഷത്തെക്കണ്ടെതറിയാതെ
കരയുമേകാന്തഭ്രമത്തിലൂടെ
ഗുരുവായൂരപ്പനെക്കണ്ടെത്തീ നീപാള–
ഗിരികളിൽപ്പാർക്കും മനുഷ്യർപോലും!

ഇന്നമേരിക്കയിൽ റഷ്യയിൽപ്പാരീസിൽ–
നിന്നു കേൾപ്പൂ ഹരേ കൃഷ്ണനാമം
പിന്നിൽക്കുടുമ്മയും പൂണുനൂലും ധരി–
ച്ചിന്നാധ്വരമാരലഞ്ഞിടുമ്പോൾ
പൊരിയുന്ന വെയിലത്തും തലയിൽ പ്രതിഷ്ഠിതം
ഗുരുവായൂരപ്പ, നിൻവർണ്ണചിത്രം!

ഓമനത്തിങ്കൾക്കിടാവിൽ ചിരിചൊരി–
ഞ്ഞോടക്കുഴലൂതി നില്പവനേ,
ആകാശനീല നീയണ്ഡകടാഹത്തെ–
യാനന്ദപീയൂഷമാക്കിയല്ലോ!

## ഞാനെന്ന ഭാവം

അതിമാനുഷനാവാൻ മോഹമുണ്ടെ, ന്നാൽ എന്റെ
മതിയിൽ ബിംബിയ്ക്കും ഞാനെന്നതേ കെടശാരം!
അവനെങ്ങനെ തനിസ്സാത്വികനാവും? ക്രമാൽ
ബ്ഭുവനം രജസ്തമോമുക്തിയെങ്ങനെ നേടും?
എങ്കിലും ശ്രമിയ്ക്കുക നമ്മളിത്തമസ്സിനെ–
യെങ്കിലും മുഴുക്കനെത്തുടച്ചുകളയുവാൻ.
നായവാൽ നിവർത്തുവാൻ കഴിഞ്ഞെങ്കിലോ പന്തീ–
രായിരമാണ്ടിൽ പ്ലാസ്റ്റിക് കുഴലിൽ തിരുകിയാൽ!

ൗൗൗൗ

പ്രാർത്ഥിപ്പാൻ കഴിവതേ ഞാനെന്ന ഭാവത്തിലെ–
സ്സാത്വികം; അതിൽ വിടർന്നവനാമരവിന്ദൻ
ജനിച്ച നക്ഷത്രത്തിലാണല്ലോ ഭരതഭൂ–
വിനു കൈവന്നൂ സ്വാതന്ത്ര്യോദയം, മനസ്സത്രേ
വാക്കിനെ സൃഷ്ടിയ്ക്കുന്നു; കർമ്മത്തെ സൃഷ്ടിപ്പതു
വാക്കത്രേ; കർമ്മത്തിന്റെ ഫലമാണല്ലോ ഭാവി!

# ഇരുക്കാലി പ്രാർത്ഥന

ഞാൻ കാട്ടിലിരിക്കുന്നവളേ,
ഞാൻ കാടു ഭരിക്കുന്നവളേ
ഞാൻ കാടു രചിക്കുന്നവളേ
ഞാൻ കാടു ചമയ്ക്കുന്നവളേ,
ഞാൻ കാടു തകർക്കുന്നവളേ,
ഞാൻ കാടു കരിക്കുന്നവളേ,
ശിക്ഷിക്കുക ഞാൻ പോരിമകളെ,
രക്ഷിക്കുക ഞാൻകളെ ദേവീ!

ൗൗൗൗ

ഞാൻകൾ ഭവൽസങ്കല്പത്താൽ
കൺകൾ മിഴിച്ചെഴുവോരാണേ!
മാനത്തേക്കുയരാൻ ഞാൻകൾ
വാണംപോലുഴറുകയാണേ!
നിന്റെ വികല്പത്താൽ നാളെ
നിശ്ശേഷിക്കേണ്ടവരാണേ!
കേണലയും കേവലരാണേ!
വീണിഴയും വിഹ്വലരാണേ!

ൗൗൗൗ

കോപ്പകളിൽ കടൽവെള്ളംപോൽ
കോരിയൊഴിക്കപ്പെട്ടതിനാൽ
വിവിധ പ്രാണികളായ് വാഴ്വിനെ
വികലിപ്പിക്കുന്നവരാണേ!
ഞാനല്ലാത്തവരോടിഞ്ഞാൻ
നാണം വിട്ടലറുകയാണേ!
വായിൽക്കുന്നിച്ച വിഷങ്ങളെ
വഴിപോക്കരിൽ വിതറകയാണേ!
എല്ലാവരുമൊന്നെന്നറിയാ–
നൊല്ലാത്തവരൂഴിയിൽ ഞാൻകൾ,

മുട്ടകൾപോൽ ചോരകുടിക്കാൻ
പാറ്റകൾപോൽപ്പെരുകുകയാണേ!
ഇതസഹ്യം ദേവീ, ഞാൻകൾ–
ക്കിത്തിരി വെളിവരുളീടണമേ
മിന്നാമിന്നിക്കു കൊടുത്തതിൽ
നിന്നെങ്കിലുമിറ്റുവെളിച്ചം!

ൗൗൗ

ഞാൻകടെ കൈയിലെ വാളുകളും
ബോംബുകളും വിഷവാതകവും
ദൂരെ വലിച്ചെറിയാൻ സ്വല്പം
ധീരത തന്നരുളീടണമേ!
ഞാൻ കാട്ടിലിരിക്കുന്നവളേ,
ഞാൻ കാടു ഭരിക്കുന്നവളേ
അരുളുകിരുക്കാലികൾ ഞങ്ങൾ–
ക്കൊരുതുള്ളിപ്പൊരുളിൻ സുകൃതം!

# നാലൊന്നിൽ നാലുമൊന്ന്

'വയസ്സു പതിനെട്ടിൽ കൈ–
വരും ചെങ്കോലിനാൽ ഭവാൻ
തുഴഞ്ഞാൽ കടവത്തെത്തു–
മീവഞ്ചി ശുഭദർശന!

തുറക്കുമോ ക്ഷേത്രകവാ–
ടങ്ങളന്നു വിനാഭയം
അധഃസ്ഥിതാവശന്മാരെ–
പ്പൂജിപ്പാൻ ദീർഘദർശന?'

ആരൊടാർ ചോദിച്ചതിതെ–
ന്നോതുവാൻ കഴിവുള്ളവർ
എത്ര പേരുണ്ടാവുമിപ്പോൾ
മുക്തഭാരതജാതരിൽ?

അറിയില്ലാ ഭൂരിപക്ഷ–
ത്തിന്നിതെങ്കിൽ വെറും നുണ
അമ്പത്താറാണ്ടു മുമ്പിന്ത്യ
മുക്തയായെന്ന ധാരണ!

നാലൊന്നാമാണ്ടിൽ മന്ത്രിച്ചു
പഴമക്കാർ പരസ്പരം,
'നാലു ജാതിയുമൊന്നായീ
നാലൊന്നായ്ത്തീർന്ന മാത്രയിൽ!'

ൗൗൗ

എന്നാൽ, വൈക്കം കണ്ടനന്ത–
പുരംപൂകിയ ഗാന്ധിജി
പന്ത്രണ്ടോണം മാത്രമുണ്ട
യുവരാജനൊടല്ലയോ

ചോദ്യം ചോദിച്ചത, പ്പദ്മ–
നാഭദാസൻ പറഞ്ഞതോ,
'തീർച്ചയായും;' മഹാത്മാവിൻ

കവിളത്തൂറുമുൽസ്മിതം

ആനന്ദകോശത്തിൽ ഉടൻ
കേട്ടു ശാങ്കരഭാഷിതം,
'ചണ്ഡാളനും ദ്വിജനുമെൻ
ഗുരുവെന്നാണു മന്മതം.'

ൗൗൗ

ചിത്തിരാ നക്ഷത്രജനാ
ക്ഷണം സഹ്യാദ്രിസാനുവിൽ
നാലക്ഷരം കണ്ടു 'ഭ്രാന്താ–
ലയ' മെന്ന, തിലല്ലയോ

ഉടക്കീ ഗാന്ധിതൻ ദൃഷ്ടി–
യെന്നും ശങ്കിച്ചു പോയ് നൃപൻ!
കൃഷ്ണരായാഭ്യസ്തവിദ്യൻ
പ്രാർത്ഥിച്ചു മൗനി തൽക്ഷണം,
'മായ്ക്കാവൂ നാലൊന്നിലീ നാ–
ലക്ഷരം ഭഗവൽകൃപ!'

ൗൗൗ

പറഞ്ഞില്ലാ സ്പഷ്ടമായി–
ട്ടിതൊന്നും തമ്മിലെങ്കിലും
രണ്ടുപേരം ചെവിക്കൊണ്ടു
ഹൃദയംകൊണ്ടു തൽക്ഷണം,
കുരുക്ഷേത്രത്തിലെപ്പദ്മ–
നാഭൻ ചൊന്ന പരംപൊരുൾ,

'ധർമ്മഗ്ലാനിയധർമ്മത്തെ
വർദ്ധിപ്പിയ്ക്കുമ്പൊഴൊക്കെയും
സർജിയ്ക്കും ഞാൻ കരുത്തോലു–
മാത്മാക്കളെ നിരന്തരം.'

ൗൗൗ

ഞാനോർക്കുന്നൂ പത്മനാഭ–
സ്വാമിദർശന നിർവൃതൻ
ഉടുമുണ്ടിൽത്തോർത്തുചുറ്റി
വലംവെയ്ക്കുന്നതിപ്പൊഴും

സകല പ്രാണികളെയും
കൈകൂപ്പുന്ന വണക്കമായ്,
നിമിത്തമാത്രഭൂപാല–
ധർമ്മത്തിൻ സുപ്രതീക്ഷയായ്!

ൗൗൗ

തൻമുന്നിൽ കൈകൂപ്പിനില്കല്ക്കും
ധീരോദാത്തവിനീതനെ
അനുഗ്രഹിച്ചു വിടയും
ചൊല്ലി വേർപെട്ട ഗാന്ധിജി

ഇച്ചിച്ച ഭാരതക്ഷേത്ര–
പ്രവേശന വിളംബരം
വേണാട്ടിലാദ്യം പ്രഖ്യാപി–
ച്ചവനീ പൂർവ്വപുണ്യവാൻ

വിളംബരത്തിൽ തൻ തുല്യം
ചാർത്തിയപ്പൊഴുതല്ലയോ

തുറക്കപ്പെട്ടു സത്യത്തിൽ
സ്വാതന്ത്ര്യക്ഷേത്രമിന്ത്യയിൽ?

ദൈത്യഭാരതവർഷത്തിൻ
ജീവലോകവിഭിന്നത
മായ്ചതിച്ചിത്തിരാതാരോൽ–
ഭൂതനാദിത്യനല്ലയോ?

മൺപുറ്റിൽ, മഞ്ഞണിദ്വീപിൽ,
അരുവിക്കരയിങ്കലും,
അന്നല്ലോ സ്വാതന്ത്ര്യഭദ്ര–
സ്നേഹബ്രഹ്മം തെളിഞ്ഞതും!

# ഗുരുവായൂരിൽ

1

**ഞാ**നുണ്ടീശ്വരനുണ്ടു രണ്ടിനുമിട–
യ്ക്കീ വിശ്വരൂപത്തിൽ മേ
കാണപ്പെട്ടവയൊക്കെയുണ്ടു വിമലാ–
കാശത്തു താരംവരെ;
ഞാനില്ലീശ്വരനില്ല രണ്ടിനുമിട–
യ്ക്കീ വിശ്വരൂപത്തിൽ മേ
കാണപ്പെട്ടയൊന്നുമില്ല വിമലാ–
കാശത്തു താരംവരെ.

2

ഈ മട്ടിൽ പരമാർത്ഥരക്തി മിഴിനീർ
ചിന്തും നിഗൂഢാശയ–
വ്യാമോഹത്തിനൊരൊറ്റ രക്ഷഗുരുവാ–
യൂരപ്പ,നിന്നമ്പലം;
നീ മഞ്ഞത്തുകിൽ പട്ടുകോണവുമുടു–
ത്തോടക്കുഴൽപ്പാട്ടുതിർ–
ത്താമോദിപ്പതു കണ്ടുകണ്ടു മതിയാ
വുന്നില്ലെന്നിയ്ക്കോമനേ!

3

ആഞ്ഞത്തിന്റെ സമസ്തലോകപരിരം–
ഭാഹ്ലാദ, മോട്ടൂരിൽ നി–
ന്നാപാതാമൃതരശ്മി രാപ്പകലുതിർ–
ത്തുണ്ടായ സൗഭാഗ്യവും,
ആത്മജ്ഞാനവിഭക്തിവൈശ്രവണർതൻ
വാത്സല്യ സംശുദ്ധിയൊ–
ത്താവർജിപ്പിതശേഷലോകരെയുമി–
ന്നുണ്ണീ, ഭവത്സന്നിധൗ.

4

പ്രാണൻ കൊണ്ടു ഭവാൻ രചിച്ച മധുര–
വ്യാധിപ്രകാശങ്ങൾ തൻ
ഞാണിന്മേൽക്കളി കണ്ടു നിന്നു കരയു–
മ്പോഴും ചിരിയ്ക്കുമ്പൊഴും
ഹേ, നന്ദാത്മജ, വാസുദേവ, ഹരിനീ–
ലാകാശസത്തേ, ഭവ–

ദ്വേണുസ്പന്ദവിലോഭനീയരുചി മൂ–
ടാവൂ മമാഹങ്കൃതി.
5
ജീവാത്മാവിനെയേതുടുപ്പിലെവിടെ–
ക്കാണുമ്പൊഴും കണ്ണുനീർ
തൂവിക്കാൽ കഴുകിച്ചു മുന്നിൽ വടിപോൽ
വീഴാവു മൽഭൗതികം;
നാവാൽ നിന്റെ സഹസ്രനാമമുരുവി–
ട്ടാനന്ദസംശാന്തിതൻ
ദ്യോവിന്മേലുടലോടുകൂടി വിഹരി–
യ്ക്കാവൂ മദീയാത്മികം.
6
ഇല്ലാ ഞാൻ, അതു സത്യമെന്നറിവൂ ഞാൻ;
എന്നാലിവൻ കേവലം
പുല്ലാണെന്നു നിനച്ചു കാലിവളർകൊ–
മ്പാട്ടിക്കുതിച്ചെത്തവേ
തല്ലാൻ ക്രൂരതയില്ല, ചെന്നുതടവാൻ
ചങ്കൂറ്റവും; പോക്കുകി–
പ്പൊല്ലാപ്പെന്നതുമാത്രമാണിനി വിശേ–
ഷിച്ചുള്ളൊരഭ്യർത്ഥന!

# മനഃപാഠത്തിലേക്ക് ഒരേട്

സത്യലോകം, തപോലോകം
ജനർലോകത്തിനിപ്പുറം
മഹർലോകം, സ്വർഗ്ഗലോകം,
ഭുവർലോകവു,മിങ്ങനെ
ഭൂലോകമേഴാമത്തേതാ–
ണു,ണ്ടതിന്നുള്ളിലേഴിനി,
അതലം, വിതലം, പിന്നെ–
സ്സുതലത്തിന്നു താഴെയായ്
തലാ–മഹാ–രസാ– ശബ്ദ–
സമേതത്രിതലങ്ങളും;
ഒടുവിൽപ്പാതാളവും ലോ–
കങ്ങളേവം ചതുർദ്ദശ.

ഊഊഊ

ഭൂലോകത്തിൽ ദ്വീപുകളു–
ണ്ടേഴ,വയ്ക്കുള്ള പേരുകൾ:
ഏഷ്യജംബുബദ്വീപമത്രേ,
തെന്നമേരിക്ക പ്ലക്ഷവും,
ഉത്തരം പുഷ്കരദ്വീപം,
ക്രൗഞ്ചമാഫ്രിക്ക, ശാകമോ
യൂറോപ്പാണാസ്ത്രലിയയായ്–
ത്തീർന്ന നാടാണു ശാല്മലം.
കുശദ്വീപേഷ്യാനിയയും–
സപ്തദ്വീപങ്ങളീവിധം.

ഊഊഊ

ജംബുദ്വീപിൻ വിഭാഗങ്ങ–
ളൊമ്പതെന്നു സുകീർത്തിതം;
നവഖണ്ഡങ്ങൾ അല്ലെങ്കിൽ
നവവർഷങ്ങളാണവ,
വടക്കുനിന്നു തെക്കോട്ടാ–
ണേഴുവർഷം യഥാക്രമം,
തുടക്കമുത്തരുകുരു,
ഹിരൺമയമതിൽപ്പരം,
തൃതീയം രമ്യകം, ഇളാ–
വൃതമേ നടുനായകം,
തുടർന്നു ഹരിവർഷം, കി–
മ്പുരുഷം, പിന്നെ ഭാരതം,
കിഴക്കൊന്നേയുള്ളൂവർഷം
ഭദ്രാശ്വം; മേക്കതേപടി
ക്കേതുമാലം മാത്രം; ഇളാ–
വൃതം കൈലാസകേന്ദ്രിതം.

## വർത്തുളാനന്ദം

ഉരുക്കാലാരോ തീർത്ത രശ്മിയായ് തിളങ്ങിക്കൊ–
ണ്ടിരിപ്പുണ്ടെന്നും ജ്ഞാനമുദ്രയിലൊരു സൂചി.
ഇതുകൊണ്ടുഞാൻ തുന്നിത്തീർത്ത മങ്ങുഴങ്ങളാൽ
ക്ഷതമാത്മാവിൻ നഗ്നരാത്രികൾ മറഞ്ഞല്ലോ.
മോടിയില്ലെൻ വേഷത്തിന്നെങ്കിലും ശരീരത്തി–
ലൂടെയീ നിത്യായാസമുരുകിയൊലിച്ചിട്ടും
മലിനീഭവിച്ചില്ലാ സഹയാത്രികൻമാർ തൻ
വിലയേറിയ പട്ടുവസ്ത്രങ്ങൾ; അതുപോരേ?
ലജ്ജയെന്നാവാം കുർപ്പാസട്രേഡുമാർക്ക;ല്ലെങ്കിൽ
ഇജ്ജഡത്തിലെബ്ബോധാവസ്ഥയുമല്ലെന്നില്ല.
പേരിലെന്തിരിയ്ക്കുന്നു? (വിഷമുക്തമാക്കുന്നൂ
പേരയ്ക്ക ജഡത്തിനെയെന്നു മുണ്ടൊരുപക്ഷം)
ജ്ഞാനമുദ്രയിലെസ്സാമുദ്രികം: 'ചതുരമ–
ല്ലാനന്ദം, പ്രത്യക്ഷമീ വർത്തുളാകൃതിയത്രേ!'

## ചമ്രവട്ടത്തയ്യപ്പന്റെ മുതല

കൈലാസേശന്റെ ജടയിൽ
നിന്നു പണ്ടെന്ന മാതിരി
കുംഭത്തിലിന്നെന്നുടലിൽ–
നിന്നോ ഗംഗാപരിസ്രവം?

സ്വിച്ചിട്ടിട്ടും നിശ്ചലം ഫാൻ;
പവർക്കട്ടില്ല, വാസ്തവം;
വറ്റിപ്പോയോ റിസർവ്വോയർ?
വീശി ന്യൂസ്പേപ്പർകൊണ്ടു ഞാൻ.
പെട്ടെന്നോർമ്മ ച്ചെറുപ്പത്തി–

ലയ്യപ്പൻ കാവിലെത്തവേ
പരമേശ്വരമുത്തപ്ഫൻ
ചൊന്നാൻ ഞങ്ങളൊടിങ്ങനെ,
'ചമ്രോട്ടത്തയ്യപ്പന്റെ മുതലയ്ക്ക്
വെള്ളം കുടിയ്ക്കാനില്ലാഞ്ഞിട്ട്
അതു ചാവാറായ്യേ്യ!'

ആ വാക്യം ഞങ്ങളുരുവി–
ട്ടുറപ്പിയ്ക്കുന്നതിന്നിടെ
മുത്തപ്ഫനും ഞങ്ങളും പോയ്
കൊണ്ടുവന്നു തെരുക്കനെ
ഒരു കൊട്ടച്ചാണകവും
തൂക്കുപാത്രത്തിൽ വെള്ളവും
കിണ്ടിയിത്തിൾച്ചിപ്പികൾ വെ–
ള്ളാരം കല്ലുകളെന്നിവ–
മുത്തപ്ഫനാച്ചാണകം കൊ–
ണ്ടുണ്ടാക്കി മുതലത്തടി,
ഇത്തിൽച്ചിപ്പികൾ പറ്റിച്ച
പല്ലും വാലും നഖങ്ങളും
വെള്ളാരം കൽക്കണ്ണുകൾ വെ–
ച്ചുറപ്പിക്കേണ്ട താമസം,
'ചാടിക്കടിയ്ക്കു' മെന്നോർത്തു
ചൂളിപ്പോയ് ഞങ്ങൾ കുട്ടികൾ.

വിളക്കിലെണ്ണത്തിരി ക–
ത്തിച്ചു കൈകൂപ്പി നിൽക്കവെ
കണ്ണടച്ചു, തൊണ്ട കാറി
ശ്രുതിയൊപ്പിച്ചു ചൊൽകയായ്,
'ചമ്രോട്ടത്തയ്യപ്പന്റെ മുതലയ്ക്ക്
വെള്ളം കുടിയ്ക്കാനില്ലാഞ്ഞിട്ട്
അതു ചാവാറായ്യേ്യ!'

മുത്തപ്ഫൻ തൻ കൈവിരുതു
മാത്രമല്ലിതിലെപ്പൊരുൾ;
മഴ പെയ്യിക്കയും ചെയ്താ–
നന്നയ്യപ്പൻ ത്രിസന്ധ്യയിൽ!
അയ്യപ്പനോർത്തിരിയ്ക്കാം: 'പൊ–
ള്ളാമീ മുതലയെങ്കിലും
ഭക്തർതൻ സങ്കല്പ ദാർഢ്യ–
മറിഞ്ഞുള്ളാലലിഞ്ഞു ഞാൻ.
അഞ്ചു ഭൂതങ്ങളിലെയു–
മപ്പൻ ഞാൻ തന്നെയല്ലയോ?
അഞ്ചു ഭൂതങ്ങളാൽ ജാത–
രാണല്ലോ ഭക്തവൃന്ദവും!'

## തൊണ്ട തുറന്നൂ വൈത്തിയ്ക്ക്

**അ**റുപതുകൊല്ലം ജനത–
യ്ക്കരുളീ രാഗാദിരോഗനിർമുക്തി
ആരുടെ യുഗഗണകർണാ–

ടകഗീതം പാഞ്ചജന്യസുധപോലെ,

'ചെമ്പെ' യിലുളവായവനാ
ഗന്ധർവൻ വൈദ്യനാഥഭാഗവതൻ
തൊണ്ടയടഞ്ഞവശതയാൽ
പാടാനാവാഞ്ഞു കണ്ണുനീർപ്പുഴയിൽ

ഇരുഭാഗത്തേക്കു വിടർ
ന്നുയരും കൈ രണ്ടുമൊത്തൊരഞ്ജലിയായ്
ഗർഭഗൃഹാഗ്രേ നില്ക്കെ–
ബ്ഭഗവാൻ ബിംബിച്ച മിഴികൾ പൂട്ടുന്നു.

ചുറ്റും കൂടിയ ഭക്തരെ
ഞെട്ടിപ്പൂ മേഘനിസ്വനം ഞൊടിയാൽ,
'ഗുരുവായൂരപ്പാ, ചര–
ണാശ്രിതനെന്നുത്തുണയ്ക്കണേ സ്വാമിൻ!'

മുന്നിൽബ്ഭക്തസമൂഹം
മാറുന്നു ഞൊടിയിലിരുപുറത്തേക്കും,
വസുദേവൻ വന്നപ്പോൾ
കാളിന്ദിയിലെത്തരംഗതതിപോലെ,

കണ്ണീർപ്പുഴയിൽക്കൂടി–
ക്കുതികൊൾവൂ മുന്നിലേക്കു ഭാഗവതൻ;
'തൊണ്ട തുറന്നൂ വൈത്തി–'
യ്ക്ക്,ദ്ഭുതപൂർവ്വം ജനങ്ങൾ മന്ത്രിപ്പൂ.

കട്ടിപ്പൂണൂൽ കുതിരും
വേർപ്പിൽ വിളങ്ങീ സുവർണരുദ്രാക്ഷം,
പുറകിൽപ്പാഞ്ഞു കിതപ്പൂ
വൈദ്യമഠം മധ്യമൻ മുദാ നമ്രൻ

അദ്ദേഹത്തിൻ വിരലിൽ
പുളകംകൊൾവൂ പവിത്രമോതിരമായ്
പണ്ടു 'പരീക്ഷിയ്ക്കാ' മെ–
ന്നുരിയാടിയ പൂർവപുണ്യപരിപാകം.'

ആ മോതിരവിരലൊളി ചേർ–
ത്തല്ലോ ചെമ്പേയ്ക്കു മൂർത്തസാമരസൻ
മൃതസഞ്ജീവനിയരുളീ
ഗുരുപവനേശൻ, സമസ്തഭുവനേശൻ.'

കാരണമോ? ഗുരുവായൂ–
രപ്പന്നറിയാം–സ്വകീയമാഹാത്മ്യം
അനുഭവഗോചരമാക്കീ
കൃമികൾക്കും കൂടിയിപ്പുരാപുണ്യൻ!

# ആര്യാവർത്ത ചർച്ച

'സൂര്യൻ കിഴക്കുദിച്ചസ്തമിപ്പൂ പടി–

ഞ്ഞാറെന്നു കള്ളം പറഞ്ഞതാരേ?'

'ആര്യന്മാരെന്ന പഴഞ്ചന്മാരല്ലാതെ–

യാരു പറയുമാപ്പച്ചക്കള്ളം?'

'സൂര്യനുദിക്കുന്നില്ലസ്തമിക്കുന്നില്ല;
കാര്യം തുറന്നു പറഞ്ഞു ശാസ്ത്രം.'

'ഊഴി വട്ടത്തിൽ കറങ്ങുക കാരണം
ഉണ്ടായിടുന്നൂ പകലും രാവും.'

'പാവങ്ങളല്ലീ നാം ദ്രാവിഡർ? നമ്മളെ–
പ്പറ്റിക്കാൻ കള്ളം പറഞ്ഞതാവും.'

'എങ്കിലും, *'ഞാനും ദ്രമിഡശിശു' വെന്നു
ശങ്കരനെന്താണെഴുതിവെയ്ക്കാൻ?'

'അങ്ങനെയാണെങ്കിൽ സിന്ധുഗംഗാതട–
മാവണം സത്യത്തിലാര്യാവർത്തം.'

'അങ്ങനെയെങ്കിൽ തമിഴെന്ന വാക്കിന്റെ–
യാദിമരൂപം ദ്രമിഡമല്ലോ.'

# കുറ്റിപ്പുറം–ഗുരുവായൂർ റെയിൽവെ

**കോ**ഴിക്കു മുല വന്ന കാലത്തു പുലരിയി–
ലേഴിന്നു ഞാനുടുപ്പിട്ടപ്പോൾ
കുറ്റിപ്പുറത്തു നിന്നാനക്കരവഴി
കുമരനല്ലൂർക്കൊരു തീവണ്ടി.
കുതികാലിൽച്ചെന്നു ഞാനതിലിരിപ്പായപ്പോൾ
കൂവിക്കുലുങ്ങുന്നു ഗമയോടെ.
ചെന്നു പഴഞ്ഞിയിൽ, പ്പിന്നെത്തെരുക്കനെ–
ക്കുന്നങ്കുളത്തുമാപ്പുകവണ്ടി.
പിന്നെയും ഞൊടികളാൽ   ഗുരുവായൂർ സ്റ്റേഷനിൽ
ചെന്നാ നവോത്സവം നിന്നപ്പോൾ
ഞാനിറങ്ങിച്ചെന്നു മുങ്ങുന്നു തീർത്ഥത്തിൽ,
പ്രാണപ്രമാണനെക്കൂപ്പുന്നു;
തിരികെപ്പോയ് സ്റ്റേഷനിൽ നില്പുള്ള വണ്ടിയിൽ
കുമരനല്ലൂർക്കു മടങ്ങുന്നു.

ഊഊഊ

പുതിയ തീവണ്ടി തന്നിരുപുറക്കാഴ്ചയിൽ
മതിചിന്നി യാത്രികർ മേവുമ്പോൾ
കുമരനല്ലൂരല്ല, കുറ്റിപ്പുറത്തല്ല,
ഘുമുഘുമെച്ചെന്നതു നിൽക്കുന്നു!
വളയങ്കുളം, ചങ്ങരംകുളം, തവനൂരു–
വഴിവണ്ടി തിരുനാവ പുകുന്നു!
എന്തൊരാശ്ചര്യമെന്നാളുകളന്യോന്യം
ചിന്ത കൈമാറിച്ചിരിക്കുന്നു!
നലമൊത്തു ഭാരതപ്പുഴയിൽപ്പോയ് മുങ്ങുന്നു
നാവാമുകുന്ദനെക്കൂപ്പുന്നു!
തിരികെപ്പോയ് വണ്ടിയിൽ കയറവേ യാന്ത്രിക
പരിണാമമോർത്തമ്പരക്കുന്നു!

ഊഊഊ

ഒരു മണിക്കൂറിമ കൂട്ടിയിരുന്നവർ

ഗുരുവായൂരിൽത്തിരിച്ചെത്തുമ്പോൾ
ചിറയിൽക്കുളിക്കാനിറങ്ങുമ്പോഴേയ്ക്കർക്ക-
നറബിക്കടലിലേക്കാഴുന്നു!
'എവിടേക്കു പോകാനിസ്സന്ധ്യയ്ക്കു: തൃപ്പുക-
തൊഴുതുറങ്ങാം നമുക്കിവിടെത്താൻ'
പറയുന്നു യാത്രികർ; പിന്നെ വാകച്ചാർത്തി-
നെഴുന്നേറ്റു മുങ്ങിക്കുളിയ്ക്കുന്നു!
ഗുരുവായൂരപ്പന്റെ മായയിൽ സ്തബ്ധരായ്
തിരുനാമം ചൊല്ലിക്കൈകൂപ്പുന്നു!

ఌఌఌ

പിറ്റേന്നു കാലത്തു പിന്നെയും തീവണ്ടി
പ്പെട്ടിയിൽച്ചാരിയിരുന്നപ്പോൾ
ആ വണ്ടി മറ്റൊരു പാളത്തിലൂടെയോ
കൂവിപ്പുറപ്പെട്ടു പോവുന്നു?
'മൂന്നാമതിട്ട റെയിൽപ്പാളം കണ്ടില്ലേ?'
മൂകർക്കു കണ്ണുകൾ വിടരുന്നു!
കാട്ടകമ്പാല, മുക്കോല, പുഴമ്പുറം
കണ്ടു തിരൂരിൽച്ചെന്നെത്തുമ്പോൾ
വണ്ടിയിൽ നിന്നു പുറത്തിറങ്ങുന്നവർ
മണ്ട കുലുക്കിച്ചിരിക്കുന്നു!
'കോഴിയ്ക്കു മുലവന്ന കാലത്തു ലോകർക്കു-
ള്ളേകാവലംബമാം ഭഗവാനേ,
ഗുരുവായൂരപ്പാ, നീ ഭക്തരെയെന്തിനി-
ഗ്ഗുലുമാലിലിട്ടു കുഴയ്ക്കുന്നു?
ഞങ്ങളെന്നെത്തും പുരയ്ക്കലെന്നോതുവാ-
നങ്ങേയ്ക്കു മാത്രമേ സാധിക്കൂ!'

ఌఌఌ

കിട്ടിയ തഞ്ചം കളയരുതെന്നോർത്തു
കുട്ടികളമ്മമാരച്ഛൻമാർ
തുഞ്ചൻപറമ്പിലേയ്ക്കോടുന്നു, പെട്ടെന്നാ-
പ്പുഞ്ചാരമണ്ണിനെ മുത്തുന്നു.
പിന്നെത്തിരൂർ സ്റ്റേഷനിൽച്ചെന്നു കേറുന്നു
വന്ന തീവണ്ടിയിൽ ധൃതിയോടെ,
കിറുകൃത്യം സന്ധ്യക്കുമുമ്പതു ഞങ്ങളെ-
ഗുരുവായൂരെത്തിപ്പൂ കനിവോടെ.
കുളിതൊഴൽ തീർന്നപ്പോൾ മേല്പത്തൂർ നിർമ്മിച്ച
തളിമത്തിൽ വീണ്ടുമുറങ്ങുന്നു.
കാലത്തെണീറ്റു കുളിച്ചു തൊഴുതുടൻ
ചാലവേ സ്റ്റേഷനിലെത്തുന്നു.

ఌఌఌ

മൂന്നാം ദിവസവും വണ്ടി വടക്കോട്ടു
മുക്കുറയിട്ടു ചലിയ്ക്കുമ്പോൾ
നാലാം റെയിലിലെ സ്റ്റോപ്പുകൾ യാത്രികർ
നലമോടെ നോക്കി രസിയ്ക്കുന്നു.
വന്നേരി, പൊന്നാനി, വെട്ടവും പിന്നിട്ടു
ചെന്നെത്തീ താനൂരെന്നായപ്പോൾ
വണ്ടിയിറങ്ങുവോർ കണ്ടെത്തീ, 'നമ്മുടെ
വസ്ത്രങ്ങൾ പാടെ മുഷിഞ്ഞല്ലോ!'
'വിസ്മയം തന്നെ ഗുരുപവനേശന്റെ

വിദ്യ' യെന്നും ചിലർ മന്ത്രിയ്ക്കെ,
പക്കത്തെ ബസ്സിൽ കുമരനല്ലൂർക്കുടൻ
തക്കത്തിൽക്കേറി ഞാൻ പോരുന്നു.

# നിരാമയൻ

'നിശ്ശേഷ്ടകാഷ്ഠതുല്യം ദേഹമോർക്ക നീ
നിശ്ചയമാത്മാവു ജീവൻ നിരാമയൻ
ഇല്ലാ ജനനം മരണവുമില്ല കേൾ
അല്ലലുണ്ടാകായ്കതുനിനച്ചേതുമേ.'

അമ്മതൻ വിരൽത്തുമ്പീയക്ഷരസത്യത്തെയെ–
ന്നാത്മാവിൽ കുറിച്ചിട്ടനാൾമുതലനുവേലം
കേണലവേനെന്നന്നമയകോശത്തിൽത്തത്തും
പ്രാണനിൽ മനസ്സിൽ വിജ്ഞാനത്തിലാനന്ദത്തിൽ.
ആരു ഞാൻ? നാനാവർണരൂപവിസ്മിതൻ, വാർദ്ധ–
കാമയത്തിലെദ്ദീനദർശനൻ, ദൈവത്തെ, ത്തൽ–
ദ്ദുതിനെത്തേടിച്ചുറ്റും സ്വേദിലൻ; വിടരുന്ന
ഭൂതഭാവികളുടെ ബോധാപാരതകളിൽ
കാഞ്ചനച്ചിറകിളകാതെയെൻശിരസ്സിന്മേൽ
പാഞ്ചഭൗതികനായി മേവുമിപ്പരുന്താരോ?
സ്വപ്നബദ്ധമാമഗാധത്തിലും മരിക്കാത്ത
സത്മത്തിൽ കടുകന്വേഷിക്കുന്നപോലെകൃഷ്ണാ–
പാഹിയെന്നവൻ മന്ത്രിക്കുന്നുവോ? കോഴിക്കൂട്ടിൽ
പതിവീലെന്നോ കൺകൾ? കടൽനീറ്റിലെൻകാലിൻ
നഖശോഭയോ? ഛന്നനീലാകാശസ്തിത്വത്തിൻ
മുഖശാന്തിയിൽ സപ്തർഷിസ്മിതം പൊടിവിതോ?
ഈ വിയർപ്പി, ക്കണ്ണുനീരീ,ക്കിതപ്പി, തിൻ പേരോ
ജീവനെന്ന്? എഴുപത്തിയഞ്ചിലുമജ്ഞാതം മേ.
ധ്യാനലീനമെൻ പീതശോണ മാനസത്തിലെ–
ഗ്ഗാനമായ്ക്കറങ്ങുമിഭ്രാന്തി, വിഹ്വലശുകി–
യെന്റെ മാനസം; അതിൽ മേഘമാലയിൽ വെള്ളിൽ–
ക്കിളിപോൽത്തത്തും പുളകങ്ങളോ ദൈവസ്മിതം?
പ്രലയിക്കയോ ഞാൻ ഞാനെന്ന നശ്വരഭാരം?
സ്ഥലകാലാകാശങ്ങൾ തേടുമീ ധൈര്യത്തിൻ കാ–
ലടി നോവറിയാത്ത ജിജ്ഞാസ കുതിക്കവേ
സൗവർണശോഭാപൂരം ചൊരിയും കാറ്റിൻ വിടർ
ച്ചിറകിൽത്തത്തും മിന്നൽക്കൊടിയാവുകയോ ഞാൻ?
മൂകലോകങ്ങൾക്കെല്ലാം മീതെ ഞാനൊരു സിംഹ–
മുഖനായ്സ്സത്യം തേടിപ്പറന്നു കരകയോ?–
മലടിപ്പശുവിൻപാലൊത്ത ദുഃഖമോ കർമ–
ജടിലൻ ദിഗംബരനെന്നഹംഭാവത്യാഗം?
നിത്യസൗന്ദര്യത്തിന്റെ വിസ്ഫുരൽ സൂക്ഷ്മാകാശ–
നൃത്യചത്വരത്തോളം കയറിച്ചെല്ലും ചിന്താ–
ഗൃദ്ധദൃഷ്ടിതൻ പക്ഷം വർഷിക്കും ശൂന്യത്വത്തിൽ
മുഗ്ദ്ധൻ ഞാനലിയുമ്പോൾ ചൊൽവതാരുപാംശുവായ്
കേവല ശബ്ദബ്രഹ്മസാരമായ് ഞാനില്ലാത്ത
ജീവബുദ്ബുദശ്രുതിതാളമായ്? ആരദ്ദേഹം?

ആരദ്ദേഹി? യെൻ കാതിലപ്പോഴും മുകോദ്ഘോഷം.

'നിശ്ശേഷ്ടകാഷ്ഠതുല്യം ദേഹമോർക്ക നീ
നിശ്ചയമാത്മാവു ജീവൻ നിരാമയൻ
ഇല്ലാ ജനനം മരണവുമില്ല കേൾ
അല്ലലുണ്ടാകായ്കതുനിനച്ചേതുമേ.'

# ഇന്നൊന്നുറങ്ങട്ടെ

ജയിയ്ക്ക നീ തപ്പാൽപ്പണിമുടക്കമേ,
ജയിയ്ക്ക വാഹനപ്പണിമുടക്കമേ,
ഇരുപത്തിനാലു മണിക്കൂർ സ്വസ്ഥരാ–
യിരിയ്ക്കാൻ ഞങ്ങളെയനുഗ്രഹിച്ചല്ലോ!
കുറേ നാളായിട്ടീക്കലാപ്രകടനം
നിറുത്തുവെച്ചതിൽക്കുഴങ്ങുവോർ ഞങ്ങൾ.
ഉണരണം സൂര്യനുദിപ്പതിൻമുമ്പേ
കെണികളോരോന്നിൽക്കുടുങ്ങണം പിന്നെ
മുതു കടഞ്ഞാലും കൊതു കടിച്ചാലും
കുതികാലിൽപ്പാഞ്ഞു നടക്കുകതന്നെ!
കുളി കുറി ചായകുടി മുതലായ
ലളിതകൃത്യങ്ങൾ രസാവഹം: പക്ഷേ
കടന്നുകൂടണം വിയർത്താലും ഷർട്ടിൽ;
കുടുക്കിടാഞ്ഞാലോ, തകർന്നു ഡീസൻസി.
നടക്കണം പിന്നീടുരുകും ടാറിട്ട
നിരത്തിൽ, ചപ്പലിൽപ്പുരണ്ട ടാറൊക്കെ
ഉരയ്ക്കണം കല്ലിൽ, കഴുകണം നീറ്റിൽ,
പറഞ്ഞാൽത്തീരില്ലാ തുടർക്കുഴപ്പങ്ങൾ.
ഇരുപത്തിനാലു മണിക്കൂറുമിന്നൊ–
ന്നുറങ്ങട്ടെ ഞങ്ങൾ ധൃതികളില്ലാതെ.

# യുദ്ധപ്പുഴ

എങ്ങനെ താണ്ടീ പാണ്ഡവന്മാരീ യുദ്ധപ്പുഴ?
എന്നു വിസ്മിതനായീ ഭഗവാൻ വേദവ്യാസൻ;
ദ്രോണർ ഭീഷ്മരുമിതിൻ തീരങ്ങൾ; ജയദ്രഥ–
നാണിതിലൊഴുകുന്ന ജലമായ്ത്തിളങ്ങുന്നു!
ഇതിലെക്കരിമ്പാറയാർ ശകുനിയല്ലാതെ?
മുതലത്തലവനാരാണു ശല്യരല്ലാതെ?
ഒഴുക്കീ ജലത്തിനു കൃപരല്ലയോ? കർണ്ണ–
നിതിലുണ്ടാവും വേലിയേറ്റമല്ലീ സത്യത്തിൽ?
വികർണ്ണൻ അശ്വത്ഥാമാവെന്നിവരിതിന്നുള്ളിൽ
മകരമത്സ്യങ്ങളായ് സഞ്ചരിക്കയും ചെയ്വൂ.
ചുഴിയായ് പ്രശോഭിപ്പൂ നീളെയും ദുര്യോധന–
നൊഴുക്കിൽ! ഭയാനകം തന്നെയീ യുദ്ധപ്പുഴ!
കടന്നതെമ്മട്ടിലീപ്പുഴ പാണ്ഡവർ? ഹേതു
കടത്തുകാരൻ സാക്ഷാൽ കേശവൻ ഒരാൾമാത്രം!

# അന്നദാതാവിന്റെ ശതാബ്ദി

*യശശ്ശരീരനായ വി.ടി.ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്' എന്ന നാടകത്തിലെ 'കുഞ്ചു' ('പി.സി.' എന്ന പാണക്കാട് നാരായണൻ നമ്പൂതിരി) ശതാബ്ദി ആഘോഷിച്ച ദിവസമാണ് 19.10.2003)*

ഭോജനപ്രിയന്മാരെല്ലാവരുമൊന്നാംകിട
പാചകപ്രവീണന്മാരാവുമെന്നുറപ്പില്ല;
പാചകപ്രവീണന്മാരൊക്കെയന്നദാനത്താൽ
പാവനരെന്നും നമുക്കാവില്ല സമർത്ഥിയ്ക്കാൻ.

ൗൗൗ

ഇതിപ്പോൾ പറയുവാനെന്തെന്നോ? ബാല്യംമുതൽ–
ക്കിതിഹാസപാത്രംപോലെനിയ്ക്കു സമാരാധ്യൻ
പാണലിൻ പഴംപോലപ്രശസ്തിപ്രിയനാമാ–
പ്പാണയ്ക്കാടെമ്മട്ടേവം ശതവർഷീയാനായി?
അഭ്യസ്തവിദ്യൻ, ജാതിമതരാഷ്ട്രീയങ്ങളി–
ലദ്വൈതി, എല്ലാവർക്കും സ്നേഹിതൻ, ഗുരു, ശിഷ്യൻ,
യോഗക്ഷേമവും കമ്യൂണിസവും വായാടിത്ത–
ത്യാഗിയ്ക്കു ഹൃദ്യം, മൈക്കിൻ മുന്നിലോ സമചിത്തൻ
ഹൃദയം മലർത്തിവെയ്ക്കുംപോലെയീഗ്രാമീണൻ
സദയം ചിരിയ്ക്കുമ്പോൾ നാമതിലലിയുന്നു.
ആനന്ദമീ ശ്രീകൃഷ്ണപുരസഞ്ജാതന്നന്ന–
ദാനൈകവ്രതത്തിലായിരുന്നൂ; ഞാനോർക്കുന്നു
ഊറ്റുവേർപ്പുകളാറ്റുവെള്ളംപോലൊലിച്ചാലും
ചോറ്റുകൊട്ടയീ മൗനി നിലത്തുവെയ്ക്കാറില്ല.

ൗൗൗ

നിലത്തു ചമ്രം പടിഞ്ഞെൻ ബാല്യം വിടർന്ന വാ–
ട്ടെലയിൽ തുമ്പപ്പൂച്ചോറിദ്ദേഹം വിളമ്പുന്നു.
പാതിയൂൺ തീർന്നാൽ പഴപ്രഥമൻ, മതിയായാൽ
പാലട, വിളമ്പുന്നതെപ്പോഴും പാണയ്ക്കാടോ?
എനിയ്ക്കത്ഭുതം, 'പതിന്നാലുദേശ' ത്തെസ്സദ്യ–
യ്ക്കെപ്പോഴും ഭാരിച്ചവ വിളമ്പാൻ പാണയ്ക്കാടോ!

ൗൗൗ

അരയ്ക്കിദ്ദേഹം കെട്ടിയിരുന്ന ഖദർഷാളു
വിയർപ്പിൽ കുതിർന്നിട്ടുണ്ടെന്നു ഞാൻ കണ്ടെത്തുന്നു.
അതദ്ദേഹത്തദ്ധരിപ്പിക്കണോ, വേണ്ടേ? വേണ്ടെ–
ന്നടുത്ത നിമിഷത്തിൽ കണ്ടറികയും ചെയ്വൂ.
വിശപ്പു തീരാത്തവർ വൃദ്ധന്മാർ ഉച്ചച്ചൂടിൽ
വിയർത്തു കുളിയ്ക്കയാൽ പായസംകുടി നിർത്തി
നിവർന്നു കുറച്ചിട നിശ്ചലം സ്ഥിതി ചെയ്കെ
അവർതൻ പിന്നിൽ ചെന്നു നിന്നാനീയുചിതജ്ഞൻ.
അദ്ദേഹം പൊടുന്നനെ ത്യജിച്ച സിഗരറ്റു–
ണ്ടപ്പോഴും പുകയുന്നൂ മുറ്റത്തെത്തെങ്ങിൻ ചോട്ടിൽ.
മഴവില്ലുതിർക്കുന്ന വിശ്ശറിച്ചന്തം കൊണ്ടു
കിഴവൻമാർതൻ പിന്നിൽ വീശുകയാണിദ്ദേഹം.
വിശറിക്കാറ്റാൽ കഷണ്ടിത്തല തണുത്തപ്പോൾ
വിടർപുഞ്ചിരികളെ വീശിനാർ പിമ്പോട്ടവർ.

പരിസേവിതന്മാരാപ്പൂർവർതന്നനുഗ്രഹം
പരിലാളിയ്ക്കുന്നുണ്ടാമിപ്പോഴുമിദ്ദേഹത്തെ.
കോടി മാനവർക്കാഹാരം വിളമ്പീടുന്നവൻ
നേടുന്നതായുസ്സാണെന്നിന്നു നാമറിയുന്നു!
ഇദ്ദേഹത്തിനു മനുഷ്യായുഃപൂർത്തി നേരുമ്പോൾ
ഇടശ്ശേരി തൻ വാക്കെൻ കാതിൽ വന്നലയ്ക്കുന്നു,
'ആയിരം മുളയുള്ള വിത്തല്ലോ കർമ്മം, നല്ല–
തായിടും വിത്തത്രയും നല്ലതേ വിളയിക്കൂ.'

## പ്രധാനമന്ത്രി

ഭഗവദ്ഗീത വായിച്ചുൾ–
ക്കൊണ്ടിട്ടുള്ളവരാവണം
പ്രധാനമന്ത്രിമാർ; ആശി–
യ്ക്കുന്നു ഞാൻ കർമ്മഭൂമിയിൽ!

കൃഷ്ണൻ യോഗേശ്വരൻ തന്നെ
പാർത്ഥനെന്ന ധനുർദ്ധരൻ
നീതിഭൂതിശ്രീജയങ്ങൾ–
ക്കർഹനെന്നറിവുള്ളവർ,

'ഉദ്ധരേദാത്മനാത്മാനം
നാത്മാനമവസാദയേൽ'
എന്ന മന്ത്രോപദേശത്താൽ
മനസ്സുദ്ബുദ്ധമായവർ,

'കർമ്മേണ്യേവാധികാരസ്തേ
മാഫലേഷു കദാചന'
എന്ന മന്ത്രക്കടിഞ്ഞാണാൽ
നിയന്ത്രിക്കപ്പെടുന്നവർ,

'ക്ഷുദ്രം ഹൃദയദൗർബ്ബല്യം
ത്യക്ത്വോത്തിഷ്ഠപരന്തപ'
എന്ന മന്ത്രച്ചാട്ടവാറാൽ
പ്രഹരിയ്ക്കപ്പെടുന്നവർ,

ഭഗവദ്ഗീതവായിച്ചുൾ–
ക്കൊണ്ടിട്ടുള്ളവരാവണം
പ്രധാനമന്ത്രിമാർ; പ്രാർത്ഥി–
യ്ക്കുന്നു ഞാൻ കർമ്മഭൂമിയിൽ.

ഉണ്ടാവാമീ പ്രാർത്ഥനയിൽ
സ്വാർത്ഥബുദ്ധിയസംശയം:
ഞാനെന്ന ബോധമില്ലെങ്കിൽ
പ്രാർത്ഥിയ്ക്കില്ലായിരുന്നു ഞാൻ!

## പുളകോദ്ഗമം

പ്രകാശ് കാരാട്ടു ചൊന്നാൻ: 'ഈ

രാജ്യത്തിന്നിന്നുവേണ്ടവ;
ധർമ്മത്തിൽ നീതിയിലധി–
ഷ്ഠിതമായ വളർച്ചകൾ!'
ഓർത്തുപോയ് രാഷ്ട്രപതിയ–
ബ്ദുൾകലാംചൊന്നതാക്ഷണം:
'തിരഞ്ഞെടുപ്പിന്നുശേഷം
കക്ഷിഭേദം മറക്കണം;
പൊതുലക്ഷ്യത്തിന്നുവേണ്ടി–
യൊരുമിച്ചുദ്യമിയ്ക്കണം!'
ഹിരോഷിമയിലെത്തുന്നു
നാഗസാക്കിയിലും ക്ഷണാൽ
രാജഘട്ടിൻ മണലിലെ–
ദൈവത്തിൻ പുളകോദ്ഗമം!

## അധ്വാനം ഉണർന്നപ്പോൾ

**അ**ണകെട്ടാം പുഴകളിൽ, പ്പുഴവെള്ളം പാഞ്ഞെത്തും
വലപോലെ വെട്ടിയ തോട്ടിലൂടെ.
പണിയിയ്ക്കാൻ വശമുള്ള പണമല്ലോ പറയുന്നു,
പണി ചെയ്യാനാളുണ്ടോ? കണ്മിഴിപ്പിൻ!
ഉണ്ടാവാമമ്പരപ്പാറ്റുവെള്ളം വന്നു
പിണ്ടിപ്പണി ചെയ്യുമെന്നു കേട്ടാൽ
പൊളിയല്ല കൂട്ടരേ, നൂറണക്കെട്ടുകൾ
വെളിവുള്ള കൺകളാൽ കണ്ടു ഞങ്ങൾ
ഭക്ഡയിൽ, നംഗലിൽ, ചംബലിലും തുംഗ–
ഭദ്രയിൽ കോയ്നയിൽ കോഷിയിലും
ദാമോദറിൽ ഹിരാക്കുഡ്ഡിൽ നാഗാർജ്ജുന–
സാഗറിൽ രേഹണ്ടിൽ ചെന്നു നോക്കിൻ!
ചങ്ങലയ്ക്കിട്ടു മലമ്പുഴയിൽപോലും
ചാടുന്ന നീർമലമ്പാമ്പുകളെ.
മുത്തു വിളഞ്ഞുകിടക്കുകയാണിന്നു
കത്തുന്ന മണ്ണിലിപ്പാലക്കാട്ടിൽ!
ചട്ടികലങ്ങളിൽ കെട്ടിയമാറാല
തട്ടിക്കളഞ്ഞു മനുഷ്യർതന്നെ.
ഒട്ടിയ പള്ളയിൽ കെട്ടിയ മാറാല
തട്ടിക്കളഞ്ഞു കരുത്തുതന്നെ.
മാറാലപോലിപ്പോൾ കാണുന്നതെന്തെന്നോ?
മാനത്തിലക്ട്രിക്കു കമ്പിമാത്രം!
അവയിൽ കുടുക്കവിളക്കുകൾ കത്തുമ്പോൾ
അകലുന്നു കരളിലെ കൂരിരുട്ടം

## കൊടിമരപ്രശസ്തി

**അ**മ്പതുവർഷം തേക്കുമ–
രത്തടി നില്പു കുലുക്കമില്ലാതെ
ഗുരുവായൂരപ്പാ, തവ

തിരുനടയിൽപ്പൂഴ്ന്നുപോയ കാലോടെ.
ജഗദീശൻ തൻ കനിവാൽ
ജഡവും മഞ്ഞക്കൊടിപ്പടം ചൂടി.
അഞ്ചു ദശാബ്ദം നിന്നതി–
ലഞ്ചിപ്പോകുന്നു പഞ്ചഭൂതങ്ങൾ,
മധ്യമഭുതം ലക്ഷം
ജ്വാലാംഗുലിയാൽ ജഡത്തെ വന്ദിയ്ക്കെ
ഓരോ നാളവുമോരോ
മഞ്ഞക്കൊടിയെന്നു ലോകരറിയുന്നു.
ഈ വിസ്മയദൃശ്യത്താൽ
പുളകിതമാം ലോകഹൃത്തിലെസ്വർണം
കുതികാലിൽ ഗുരുവായൂ–
രെത്തി മരത്തെപ്പൊതിഞ്ഞു രക്ഷിയ്ക്കെ
അറിവു മാനവർ വെറുമൊരു
ജഡമല്ലീ ജഡവുമെന്ന പരമാർത്ഥം
അണുവിലുമമരന്നുണ്ടീ
ഗുരുവായൂരപ്പനെന്ന മാധുര്യം!
അല്ലും പകലും മഞ്ഞും
മഴയും വെയിലും വിഭിന്നമല്ലാതെ
ഋതുഭേദം കലരാതെ–
സ്സുഖദുഃഖങ്ങൾക്കധീനരാവാതെ
ഊണുമുറക്കവുമെല്ലാ–
മില്ലാതായാത്മബോധമില്ലാതെ
ഗുരുവായൂരപ്പനിലാ–
ണ്ടങ്ങനെ നില്ക്കാൻ കൊതിച്ചുപോകുന്നു!

## ജാതകഫലം

തീയിൽക്കൺകൾ മിഴിച്ചു ഞാൻ, തെരുതെരെ
ത്തീയിൽച്ചരിയ്ക്കുന്നു ഞാൻ,
തീനാളങ്ങളിലാണ്ടുമുങ്ങി മുഴുകി
സ്നാനം കഴിക്കുന്നു ഞാൻ,
തീയേ ഭക്ഷണമായ് ലഭിപ്പൂ കുടിനീ–
രായിട്ടുമെൻ കൈകളിൽ,
തീയാണെന്റെ വിയർപ്പുതുള്ളിമുതലാ–
യെല്ലാ    വിസർജ്യങ്ങളും.
എന്നിട്ടും, വ്യഥ, ആവലാതിയുമെനി–
യ്ക്കില്ലു,ൽസവംപോലെ ഞാ–
നെന്നായുസ്സിനെയാസ്വദിപ്പൂ ഭഗവൻ,
ഹൃൽസ്പന്ദനംപോലെ നീ
എന്നാത്മാവിലുറക്കൊഴിച്ചിമയന–
ക്കീടാതെ വർത്തിയ്ക്കയാൽ,
എൻ നാവിൽ ത്തവ പുണ്യനാമമധുരം
നിത്യം പ്രവർത്തിയ്ക്കയാൽ.
എന്നെച്ചീത്തപറഞ്ഞിടുന്നു, ബഹുമാ–
നിയ്ക്കുന്നു ലോകത്തിൽ വ–
ന്നെന്നെപ്പോൽപ്പുലരും ജനം, ഝടുതി ഞാൻ
നോക്കുന്നു മജ്ജാതകം;

മന്നിൽസ്സർവ്വവിരോധവും പ്രണയവും
സഞ്ജാതമാവുന്നതിൻ
പിന്നിൽത്തങ്ങുവതാത്തലക്കുറി; വെറു–
പ്പാരോടുമില്ലുള്ളിൽമേ.

## സൗരഭസ്മരണ

വെട്ടിതുറന്നു മലർത്തും മുൻപേ

മട്ടിപ്പശയുടെ ഗന്ധം.
പെട്ടെന്നുള്ളിൽ മിടിപ്പൂ പാണ്ടി–
ച്ചെട്ടി പൊഴിയ്ക്കും ചന്തം.

വീട്ടിമരത്തിൻ ചുണ്ടത്തിഴുകീ
വിടർന്ന മുല്ലപ്പൂവോ?
തമിഴിൽപ്പേശുമിരുമ്പിൽക്കിനിവൂ
തങ്കത്താമരനൂലോ?

വേലിപ്പഴുതിലെ വിസ്മയധോരണി
വേപഥുകൊള്ളും മുൻപേ
കടുന്നൽ കുത്തീ വയലേലകൾതൻ
കരളിലവൻതൻ ചൂളം.

അവന്റെ വിധിയൊത്തവനെങ്ങിപ്പോൾ
അലഞ്ഞുതിരിയുവതാവോ?
മായുന്നില്ലീ വായുവിൽനിന്നാ
മാദകമോഹനദുഃഖം.

## കുലപതി

നവതിയ്ക്കപ്പുറമെത്തിയ

കേപ്പീ നാരായണപ്പിഷാരോടിൻ
‘കേപ്പി’ യിലെക്കുലപതിയുടെ
കാൽക്കൽ നമിയ്ക്കുന്നു ഞങ്ങൾ സാഷ്ടാംഗം.
തുഞ്ചൻ കുഞ്ചൻ മേല്പു–
ത്തൂരെന്നല്ലഖിലപൂർവ്വസൂരികളും
ഇന്നങ്ങയ്ക്കാശിസ്സാൽ
നവതീക്ഷിരാഭിഷേകമർപ്പിയ്ക്കെ
അവരെക്കരൾമിഴിമുനയാൽ
കണ്ടറിവൂ ത്വൽക്കടാക്ഷഭരിതന്മാർ.
ഇന്നുത്സവലഹരിയിലീ
ദ്വേധാനാരായണീയസദനത്തിൽ
അങ്ങയിൽ നിന്നാർജിപ്പൂ
ഞങ്ങളുമഷ്ടാംഗഹൃദയവിജ്ഞാനം,
‘ഫലകാമനയെന്യേ സൽ–
ക്കർമ്മം താൻ സൗഖ്യമായുരാരോഗ്യം.’
രാഗം, ദ്വേഷം, ലോഭം,

മോഹം, മദവും പൊഴിച്ച മാത്സര്യം
ഇവയാലത്രേ വ്യാധികൾ,
എന്നു ഭവന്നിത്യവൃത്തി തെളിയിച്ചു.
പർവ്വതതുല്യം ദുഃഖം
നിറുകയിൽ വീണിട്ടുമങ്ങിരുന്നില്ല,
അതിനെഗ്ഗുരുപവനേശക–
ടാക്ഷത്തിൻ കൊക്കയെന്നു കാണുകയാൽ.
അങ്ങയിൽ നിന്നനവരതം
കീഴോട്ടൊഴുകുന്ന ഭാരതീപുളകം
ഭാഗീരഥിയെക്കാളും
പാവനയാക്കീ പ്രസന്നകൈരളിയെ.
ശബ്ദാർത്ഥങ്ങളുമേശ–
ന്മാരെപ്പോൽ സഹിതരങ്ങതൻ മൊഴിയിൽ
പ്രകൃതിപുമാന്മാരെപ്പോ–
ലവിഭക്താനന്ദനൃത്തമാടുന്നു.
കാലത്തിൻ ധൃതഗതിയിൽ
പ്രകൃതികളെല്ലാമലിഞ്ഞുപോയാലും
തവശബ്ദാർത്ഥസ്ഫടിക–
ദ്വീപം ശോഭിപ്പൂ പൂർണ്ണിമയ്ക്കൊപ്പം.
'നാരായണ നാരായണ'–
നാമം മാത്രം പ്രതിധ്വനിയ്ക്കുന്നു
ഒടുവാ ദ്വീപിലെ ജീവ–
പ്രണവത്തിൽ ശാന്തി ശംഖതൂര്യമയം.
ഗുരുവായൂരപ്പൻതൻ
കാരുണ്യം മാത്രമീ ജഗത്സത്യം.
പുല്ലും പുഴുവും പുരുഷനു–
മെല്ലാമായ് കൂടിയാടിടും കവിത.
നാനാത്വങ്ങൾക്കുപരി വി–
രാജിയ്ക്കും കാലസംജ്ഞമേകത്വം
എന്നു പഠിപ്പിച്ചവനേ,
അങ്ങീശ്ശതകത്തിനേകകുലപതിയായ്.
'അതിമാനുഷനാവും മാ–
നുഷൻ' അരവിന്ദർഷി പണ്ടു ദർശിച്ചു;
നവ നവതിപ്പുലരിയിലേ
ഞങ്ങൾക്കാ വാക്കു ബോധ്യമായുള്ളൂ.
അറിവെന്തെന്നാരെങ്കിലു–
മാരാഞ്ഞാൽ ഞങ്ങൾ പറയുമിനിമേലിൽ
ഞങ്ങടെ കുലപതിയുടെ മുഖ–
കമലം ചൊരിയും പ്രമോദസാരസ്യം.

# സർവ്വഭൂതഹൃദയം

**അ**ന്നടുക്കളയിൽനിന്നരങ്ങത്തേയ്ക്കെൻ ബാല്യ–
മക്ഷരങ്ങളിൽ പിച്ചുവച്ചു സഞ്ചരിക്കുമ്പോൾ
എന്തൊരുന്മേഷം! നാലു വരിയെന്നാത്മാവിന്റെ
തന്ത്രിയിൽ ക്ഷണാൽ തുരീയാനന്ദരാഗം മീട്ടി:
'മാധവവേണുവിൻ മോഹനനിസ്വനം

മാധുര്യമാളുന്ന മദ്യമാവാം
നാലഞ്ചുതുള്ളിയേ കാതാസ്വദിച്ചുള്ളൂ
കാലടി മന്നിലുറയ്ക്കാതായി.'

ഩഩഩ

ആരുടേതാണീച്ചെറുനാവൊലി? ഓടിച്ചെന്നി–
ട്ടാരാഞ്ഞ, 'താര്യൻ കുത്തുള്ളി,' യോടാണോനിച്ചുണ്ണി.
സരസൻ 'ദ്രുതകവി കിരീടമണി' ചെയ്ത
സരളോജ്ജ്വലമഹാഭാരത വിവർത്തനം
ഞങ്ങളെപ്പിഷാരീയ്ക്കലമ്മതൻ പക്കത്തന്തി
മങ്ങുഴം വരെ വായിപ്പിച്ചതാ ദ്വിജനല്ലോ!
'ജീ' യെന്നുമാത്രം ശബ്ദിച്ചദ്ദേഹമെഴുന്നേറ്റു,
വായിലെ മുറുക്കാൻ തെല്ലകലേപ്പോയിത്തുപ്പി,
കുളത്തിൽ ക്കുലുക്കുഴിഞ്ഞെത്തിയശേഷം കാതിൽ
ത്തിളങ്ങും മാണിക്യശ്രീപോൽച്ചിരിച്ചുരിയാടി,
'ഉള്ളൂരും വള്ളത്തോളുമാശാനും കൂടിച്ചേർന്നാ–
ലുള്ള പൂർണതയുടെ സൗന്ദര്യം മുഴുവനും
ഒരിടത്തൂറിക്കൂടി നില്ക്കുന്നു: ജി ശങ്കര–
ക്കുറുപ്പാണസ്സമ്പൂർണസുന്ദരൻ ധരിച്ചോളൂ.'
നിമിഷം നിശ്ശബ്ദത; പിന്നെയാമുഖത്തൊരു
ഗമയല്ലഭിമാനം, 'സംഭവം പറയാം ഞാൻ.
പാലക്കാടു സാഹിത്യപരിഷൽസമ്മേളനം;
ഹാളിലെസ്സഹൃദയസമുദ്രം തടാകമായ്
ജീയുടെ സാരസ്വതപ്രവാഹം നിലച്ചപ്പോൾ;
ആയുസ്സിലൊരുപക്ഷേ, ആദ്യത്തെക്കുറിയാവും,
സഞ്ജയനെഴുന്നേറ്റാൻ, ഉച്ചഭാഷിണിയുടെ
സന്നിധിയിൽച്ചെന്നൊരു പടയാളിയെപ്പോലെ
വന്ദിച്ചു സദസ്സിനെപ്പറഞ്ഞു, 'ജീപോൽസ്സർവ്വ–
സുന്ദരനായിട്ടൊരു കവിയുണ്ടായിട്ടില്ലാ
വിശ്വസാഹിത്യത്തിലിന്നോളമെന്നു ഞാൻ ചൊന്നാൽ
വിശ്വസിക്കുമോ നിങ്ങൾ? നിങ്ങൾതൻ ഹൃദയവും
നിങ്ങൾതൻ കാതും കണ്ണുമെന്നോടു പറയുന്നു,
'ഞങ്ങൾ വിശ്വസിക്കുന്നു,' ഉടനെത്തുരുതുരെ
പ്പൊങ്ങി കൈയടി; രംഗത്തനങ്ങാതെ നില്പായീ
സഞ്ജയൻ; നിലയ്ക്കുന്നില്ലപ്പൊഴും കരഘോഷം,
മറക്കില്ലപ്പുണ്യത്തിൽ പങ്കെടുത്തവരാരും
മരിക്കുംവരെയുമസ്സർവഭൂതാത്മൈക്യത്തെ.'

ഩഩഩ

ഇന്നു ജീയുടെ നൂറാം വയസ്സിൽപ്പൊടിവു മേ
കണ്ണുനീർ: ജീയോടു ഞാനിക്കഥ പറഞ്ഞില്ല
രണ്ടരദ്ദിവസമാ എം.പിയോടൊന്നിച്ചു തീ–
വണ്ടിക്കൂപ്പയിൽ സല്ലപിച്ച വേളയിൽപ്പോലും!
'രവിയല്ലിപ്രാവശ്യം കവിയാണെൻകൂടെ'യെ–
ന്നവിരാമവാത്സല്യം തുളുമ്പീടുമ്പോൾപ്പോലും!
എന്മഹാമൗഢ്യത്തിനിന്നാദ്ദിവൗകസ്സിൻ സഹ–
ധർമിണി ഭദ്രസ്നേഹനിധി മാപ്പരുളട്ടെ!

# കേശവായ നമഃ

ചെയ്തതിന്നെഴും പ്രതിഫലം ഞാൻ ചോദിയ്ക്കുമ്പോൾ
കൈമലർത്തിടുമനാദ്യന്തതേ, നീ നൽകുന്നു
ചെയ്തിടാത്തതിനുള്ള ദക്ഷിണ, കോലായിൽ ഞാൻ
യാതൊന്നും പ്രതീക്ഷിക്കാതിരുന്നു മുറുക്കുമ്പോൾ.
കളിയാക്കുകയോ നീയെന്നെ? അല്ലെന്നാത്മാവി–
ലൊളിവിൽ പ്രവർത്തിക്കും ഞാനെന്ന സങ്കൽപത്തെ?
വിരയുന്നു ഞാൻ പോക്കുവെയിലത്തിരുന്നും കൊ–
ണ്ടരുണോദയം തൊട്ടിന്നുണ്ടായതെന്നേയുള്ളൂ.

അസ്തമയാനന്തരസംഭവങ്ങളെപ്പറ്റി–
യൽപവും ജിജ്ഞാസയില്ല, ത്താഴപ്പുറമെ ഞാൻ
കേശവ, നിനക്കായി മനസാ നമിച്ചെന്റെ
കോസറിയിൽക്കൺപൂട്ടി മലർന്നു കിടക്കുമ്പോൾ
ഇല്ല മാത്രകൾ മണിക്കൂറുകൾ യുഗങ്ങളു–
മില്ല നിൻ കാരുണ്യത്താൽ സ്വപ്നമുക്തനാണെങ്കിൽ!

# പലായനേച്ഛ

അയൽപക്കത്തെദ്ദുഃഖം കണ്ടുകോൾമയിർക്കൊള്ളും
അഹംഭാവച്ചെങ്കോലിൽ ചിറകുമുളയ്ക്കുമ്പോൾ
ഉപബോധത്തിൻ തൈലഖനിയിലുറങ്ങുന്ന
വിഷവാതകം ഒലിപെരുക്കിപ്പരക്കുമ്പോൾ
രിക്തനാഗരികത്വചത്വരയശസ്സിനെ
രക്തത്തിൽ ആഹ്ലാദാണുസ്ഫോടനം തകർക്കുമ്പോൾ
സ്നേഹമെന്നൊരു മരീചികയെത്തേടിപ്പായും
ദാഹം ഭൂചലനത്താൽ വീണു മണ്ണടിയുമ്പോൾ
ഈശ്വരൻ പ്രപഞ്ചത്തെ സൃഷ്ടിച്ച വിരലിന്റെ
പാർശ്വത്തിൽ പല്ലാഴ്ത്തിക്കൊണ്ടനങ്ങാതെ നിൽക്കുമ്പോൾ
ഒരുറുപ്പിക വട്ടത്തെൻമണിക്കണ്ടത്തിന്മേൽ
കറങ്ങീടുമിക്കാലമാപിനി ബന്ധിക്കുന്നു
ഒരു ഭൂഗോളത്തിന്മേൽ ചിതറിക്കിടക്കുന്ന
നരജന്മത്തിൻ കോടി വാസനാവൈചിത്ര്യത്തെ.
അതിലെ ‘ധിക്’ ‘ധിക്’ ഓരോ ജീവാത്മാവോടും ചൊൽവൂ;
‘ക്ഷിതിയുണ്ടാവുന്നതിൻ മുമ്പുമുള്ളവനീ ഞാൻ.
നിന്നിലെ ‘ഞാൻ ഞാ’ നെന്ന മൂകവിസ്മയത്തിന്റെ
പിന്നിലെ മുഴക്കമെൻ ‘നേതി നേതി’ താനല്ലോ!
‘ധിക്’ ‘ധിക്കി’ ലോരോന്നിലും ജനിച്ചുമരിച്ചിടും
വ്യക്തിബോധത്തിൻസാരം ‘നേതി നേതി’ താനല്ലോ!
കാലം ഞാൻ; നീളം വീതിയുയരം സ്പർശിക്കാത്ത
ജാലം ഞാൻ; ഞാനേ സത്യം, സൗന്ദര്യം, ധർമം, സർവം.’
ശ്രീലകത്തവൻ പണ്ടു സാളഗ്രാമത്തിൽപ്പാർത്തെൻ
ബാലഭാവന വട്ടം വീശി ഭൂചക്രത്തോളം
അവനേ ഭൂഗോളത്തിന്നുള്ളിൽപ്പാർത്തിപ്പോളെന്നെ
അനന്തതയിലേയ്ക്കൂക്കിൽ പിടിച്ചുവലിക്കുന്നു!
അവന്റെ തോളിൽ കാൽകൾ മുമ്പോട്ടു തൂക്കി, കൈക–
ളവന്റെ വാർനെറ്റിയിലിറുകെച്ചുറ്റും വൃദ്ധൻ
അന്തരീക്ഷത്തിന്നപ്പുറത്തേക്കു നീങ്ങുംതോറും
എന്തിനീ ശ്വാസംമുട്ടൽ? അടുത്ത മുഹൂർത്തത്തിൽ

‘അവനേ സത്യം, മിത്ഥ്യ ഞാനെ’ന്നു ബോധ്യപ്പെട്ടാ–
ലതല്ലീ സുഖം? സുഖം നല്ല വിണ്ടലമല്ലോ!

## വിത്തിലെ വിദ്യ

ഒരു ചെറിയ വിത്തിൽ നീർത്തുള്ളി വീഴുന്നു,

ഒരു ചെറിയ വൃക്ഷമെണീറ്റു നിൽക്കുന്നു!
ഇടിമിന്നലേറ്റതു നിലംപതിച്ചിട്ടോ,
പൊടിയുന്നു വെയിൽകാറ്റുമഴകളാൽ തനിയേ?

ഉണ്ടൊരു മരത്തിലും ഞാനെന്ന ഭാവം!
മിണ്ടുവാനുള്ള ചെറുനാവില്ല പക്ഷേ.
വൃക്ഷം വെറും വൃക്ഷമല്ല, തിൽപ്പെട്ടൂ
പക്ഷി മൃഗമർത്യപ്രപഞ്ചം മുഴുക്കേ,
പക്ഷി പാടും, മൃഗം കരയും, മനുഷ്യൻ
പാടിക്കരഞ്ഞു ചിരിക്കയും ചെയ്വൂ.
ചിരിയിലവസാനിപ്പൂ ജീവപ്രപഞ്ച–
പ്പരവയിലുയിർക്കൊണ്ട നുര മുഴുവനല്ലോ!
ഞാനെന്ന ഭാവമെവിടുന്നു തെളിയുന്നു,
പ്രാണന്റെ ചലമഹിമയെവിടെ വിളയുന്നു?
അറിയില്ലെനിയ്ക്കൊന്നുമെന്നറിയുമ്പോൾ
അറിവിന്റെ നിറകുടമാവുന്നു മർത്യൻ.
അറിവിന്റെ പര്യായമീ പ്രപഞ്ചത്തിൽ
ഒരു വാക്കു മാത്രമാണതുതന്നെ വിനയം.
വിത്തെന്ന ശബ്ദത്തിലുള്ള പരമാർത്ഥം
വിദ്യയെന്നുടനേ മനസ്സിലാവുന്നു.

## കണ്ണനെത്തേടി

കണ്ണീരാലെൻ കടമിഴിമുനയാൽ

കറുത്തു വീണ്ടും കാളിന്ദി
കാളിയന്റെ വിഷത്താൽ പോലെ:
കണ്ണാ, രാധ വിളിയ്ക്കുന്നു!
മന്ദിരത്തിലെ മടതോറും ഞാൻ
മണ്ടീ നിന്നെത്തേടി;
കണ്ടകങ്ങൾ തറഞ്ഞെൻ കാലടി
വിണ്ടു; ചോരയൊലിപ്പൂ,
കളകല്ലോല ധ്വനിയിൽ കേൾപ്പൂ
കിളിനാദത്തിൽ കേൾപ്പൂ
നിന്നോടക്കുഴൽവിളി ഞാൻ, പക്ഷെ
കണ്ണു പുളിപ്പൂ കണ്ണാ!

മതിയാക്കിടുകീ പരീക്ഷണം മൽ–
പ്പതിയല്ലേ നീ കണ്ണാ!
പരമാത്മാവേ, ജീവാത്മാവിനെ
നരകിപ്പിക്കായ്കേവം.

## മരണമില്ലാത്ത മനുഷ്യൻ*

എട്ടിൽ ഞാൻ പഠിക്കുമ്പോൾ ദിനപത്രവുമായി–
ട്ടെത്തുന്നൂ ക്ലാസ്സിൽക്കുട്ടിരാമമേനോനെൻ മാസ്റ്റർ.
കവിളിൽ കടുക്കന്റെ തുടുപ്പും നെറ്റിക്കര–
ക്കാലുറുപ്പികപോലെ ചന്ദനപ്പൊട്ടും മിന്നീ.
'ശബ്ദിയ്ക്കൊല്ലാരും    വിരൽ മൂക്കുപാലത്തിൽ ചേർത്താൻ,
'അബ്ദുറഹിമാൻ സായ്പിൻ പ്രസംഗം ചെവിക്കൊൾവിൻ!'
പിന്നെ മോതിരക്കൈകൾ വിടർത്തിക്കാട്ടും പത്ര–
ത്തിന്നുമേൽ മിഴിയൂന്നി വായിക്കാൻ തുടങ്ങുന്നു
അവസാനത്തെ പ്രഭാഷണത്തിൽ മുക്കത്തുവെ–
ച്ചദ്ദേഹമുൽഘോഷിച്ച ദൈവികവചനങ്ങൾ,
'ആളുകളുടെ മൊഴിയപ്പടിയനുസരിയ്–
ക്കാവിൻ: ഏവരും മർത്യർ (മരിക്കുന്നവർ) മാത്രം.
മരിയ്ക്കുന്നവനത്രേ ഞാനും,എൻ വാക്കും തിര–
സ്കരിപ്പിൻ; കേൾപ്പിൻ ദൈവത്തിന്റെ വാക്കുകൾ മാത്രം.
ദൈവത്തിൻ വചനത്തിൽ ഖുർആനിൽ രമിക്കുവിൻ;
ജൈവമീ പ്രപഞ്ചത്തെ മുഴുവൻ സ്നേഹിക്കുവിൻ.
അയലിൽപ്പാർക്കും ഹിന്ദുക്കളിലെസ്സുഹൃത്തിനെ–
യറിവിൻ; ശത്രുത്വം നിങ്ങൾക്കു ദോഷമേ ചെയ്യൂ.'
വായന നിലച്ചപ്പോൾ ഇടിവെട്ടേറ്റാൽപ്പോലെ
വാ പൊളിച്ചിരിപ്പത്രേ സഹപാഠികൾ, ഞാനും.
ഒടുവിൽക്കസേലയിലിരുന്നൂ ഗുരു; മന്ദ–
സ്മിതഗൗരവം കൊണ്ടു ഞങ്ങളെപ്പുതപ്പിച്ചു.
'മരിച്ചിട്ടില്ലാ, മരിയ്ക്കയുമില്ലൊരിക്കലും
മലയാളിതൻ ഹൃദയത്തിലാ ധീരപ്രജ്ഞൻ
ധീരനെന്നല്ലാതെ മറ്റെന്തൊരു വിശേഷണം
ചേരുമദ്ദേഹത്തിന്? ചൊല്ലുവിനാരെങ്കിലും!'
നിർന്നിമേഷരായ് ക്ലാസിലിരുന്നൂ വിദ്യാർത്ഥികൾ;
പിന്നിൽ നിന്നൊരു ശബ്ദമൊടുവിൽക്കേട്ടു, 'വീരൻ'
ശരിയാണല്ലാ വിദ്യാർത്ഥികളും കൊട്ടീ കൈകൾ,
'പറയാം 'ധീരൻ' 'വീരൻ' , രണ്ടുമൊന്നല്ലേ സാറേ?'
ചിരിച്ചൂ വീണ്ടും ഗുരു ചരിതാർത്ഥതയോടെ,
പറഞ്ഞു പിന്നെ, പ്പാതി ചിമ്മിയ മിഴിയോടെ:
'വീരത ഭഗത്സിങ്ങായുടഞ്ഞു തകരുന്നു;
ധീരതയിൽനിന്നബ്ദുറഹിമാൻ ജനിക്കുന്നു?'

## കാലക്ഷേപത്തിന്റെ കഥ

സ്റ്റുഡിയോ, കോടമ്പാക്കം, വീക്ഷിപ്പൂ നടൻ സ്വന്തം
നടനം: റിലീസാവും നാളെയിച്ചലച്ചിത്രം.
ഉടനേ 'കിണികിണി'; ഫോണെടുത്തപ്പോൾക്കാതിൽ
സ്ഫുടമക്ഷരം: 'രാജൻ റാണിയെയോർക്കുന്നുണ്ടോ?'
'റാണി?' മൗനത്തിൻ നെഞ്ചിൽ വിഭ്രമം; പിന്നെച്ചൊന്നാൻ,
'റാണിയെന്നൊരു കുട്ടി പഠിച്ചിട്ടുണ്ടെൻ ക്ലാസ്സിൽ.
പത്തുനാല്പതുകൊല്ലം മുമ്പായിരുന്നു; വെറു–

മൊറ്റവർഷത്തെസ്സാമീപ്യബന്ധം; സംസാരിച്ച–
തൊരിക്കൽ ചുമ്മാ പാഠപുസ്തകം കൈമാറുമ്പോ–
ളൊരു 'സന്തോഷം' മാത്രം; 'ഇന്നവൾ വിളിക്കുമ്പോൾ
അമ്പരപ്പുണ്ടോ നിങ്ങൾക്ക്?' 'അമ്പരപ്പെന്തിന്ന്? ഉള്ള–
തത്ഭുതം മാത്രം; വിളി വിദേശത്തു നിന്നാണോ?'
'ശരിയാണി,തു നയാഗറയാണിതെൻ ഫ്ളാറ്റാ–
ണി, രുപത്തഞ്ചാണ്ടായി ഞാൻ നയാഗറക്കാരി.'
മൂകമാവുന്നൂ രണ്ടറ്റങ്ങളും; 'രു രു രു രു'
മൂളുന്നൂ ഫോണും നടൻ രാജന്റെ തലച്ചോറും.
ഡസ്കിൻമേൽ താടിയ്ക്കൂന്നു കൊടുത്ത കൈയിൽ പാർക്കർ–
പിഫ്റ്റിവണ്ണുമായ് ചിന്തിച്ചിരുന്ന ഫ്രോക്കിട്ടവൾ
ഇപ്പോഴും ഫ്രോക്കിൽത്തന്നെ ലസിപ്പൂ തന്നുള്ളിലെ–
ന്നത്ഭുതം കൂറും നടനുടനെക്കേൾപ്പൂ ദൂരെ:
'നിനക്കറിട്ടുകൊണ്ടല്ലാതങ്ങയെക്കണ്ടിട്ടില്ല.'
'നിങ്ങളെ ഞാനും ഫ്രോക്കിൽ മാത്രമേ കണ്ടിട്ടുള്ളൂ.
എങ്ങനെ കിട്ടീ നിങ്ങൾക്കെൻ നമ്പർ?' 'ബാംഗ്ലൂരിൽ നി–
ന്നെൻമകൻ 'ഈ മെയ്ലി'ൽ തന്നാനതിത്തിരി മുമ്പേ.
വീണ്ടുമാശ്ചര്യം! ഞങ്ങളിന്നലെ വീക്ഷിച്ചു ടീ–
വീയിൽ നിങ്ങടെ കഥാകാലക്ഷേപവും മറ്റും.
ഒരിക്കൽ പറയണം സന്തോഷം നേരിൽത്താനെ–
ന്നുറച്ചിട്ടൊരുപാടു കൊല്ലങ്ങളായീ രാജൻ!
ഞങ്ങളേവരുമാരാധിക്കുന്ന നടനല്ലേ
നിങ്ങൾ?' 'സന്തോഷം റാണിയ്ക്കെത്ര മക്കളുണ്ടിപ്പോൾ?'
'അഞ്ചുപേർ, ഒന്നാമൻ കമ്പ്യൂട്ടറിൽ ബാംഗ്ലൂരാണീ–
രഞ്ചു കൈവിരൽ കൊണ്ടു കുടുംബം പുലർത്തുന്നു.
ഒരുത്തൻ കപ്പൽക്കാരനാണിപ്പോൾ ജപ്പാനിലു–
ണ്ടൊരുത്തി സ്വിറ്റ്സർലണ്ടി,ലൊരുത്തൻ യുയെസ്സേയിൽ,
ഒരുത്തി ഞങ്ങൾക്കൊപ്പമിവിടെക്കനഡയിൽ,'
'തിരിച്ചുവരുന്നില്ല?' 'വന്നിട്ടുമെന്താ മെച്ചം?
തറവാട്ടംഗങ്ങളെപ്പോലെ നിങ്ങളെപ്പറ്റി–
പ്പറയാറുണ്ടെൻ വീട്ടിൽ മക്കളും ഞാനും തമ്മിൽ!'
'അവർ തന്നച്ഛൻ?' 'റിട്ടയേഡ് ഫോറസ്റ്റാപ്പീസർ
ചെവിയും കണ്ണും നഷ്ടപ്പെട്ടപോലെന്നോടൊപ്പം!'
മൂകമാവുന്നൂ രണ്ടറ്റങ്ങളും: 'രു രു രു രു'
മൂഢസങ്കടം ഫോണിൽ മൂളിക്കൊണ്ടിരിക്കുന്നു.
'ഗുരുവായൂരപ്പന്റെ കാരുണ്യമെത്തും നയാ–
ഗറയിൽ,' അവസാനം രാജൻ കൺതുടയ്ക്കുമ്പോൾ
ഒരു നേരിയ തേങ്ങൽ കേട്ടുവോ? കേട്ടുപക്ഷേ,
'ശരി, നാം മേലിൽ കണ്ടുമുട്ടിയെന്നിരിക്കില്ല!'
തേങ്ങിയോ രണ്ടാമതും ഫോൺ താഴെ വെയ്ക്കും റാണി?
തേങ്ങിനാൽ രാജൻ, 'നമ്പർ ചോദിക്കാൻ മറന്നു ഞാൻ.'

# വായിൽ കല്ലിട്ട വിദുരൻ

*(സമർപ്പണം: ഈ കവിതയ്ക്ക് പ്രചോദനമരുളിയ തിക്കോടിയന്റെ സ്മരണയ്ക്ക്)*

ഭാരതയുദ്ധം കഴിഞ്ഞു; യുധിഷ്ഠിരൻ
പ്രാരബ്ധസങ്കടത്തോടെ
ഹതപുത്രർതൻ സ്വരം സ്പർശവുമോർക്കുന്ന

ധൃതരാഷ്ട്രരെപ്പോയ് പുണർന്നു.
അതുകണ്ടു പൊട്ടിക്കരഞ്ഞുപോയ് പാണ്ഡവർ,
വിദുരരും, കർത്തവ്യമൂഢർ.
വിദുരരുപദേശിച്ചു, ഭാവിഭരണത്തിന്റെ
വിധമന്നു പാണ്ഡവന്മാരെ,
എല്ലാമനങ്ങാതെ കേട്ട യുധിഷ്ഠിരൻ
ചൊല്ലിനാൻ വിദുരരോടൊടുവിൽ:
'ഞങ്ങൾക്കു കുലഗുരോ, കേൾക്കുവാൻ മോഹമു–
ണ്ടങ്ങതൻ ഭാവിപരിപാടി.'
ഇത്തിരി നേരത്തെ മൗനത്തെ ഭഞ്ജിച്ചൊ–
രുത്തരം വിദുരരുരിയാടി:
'ഏകാന്തകാനനവാസമല്ലാതൊന്നു–
മേകില്ലെനിയ്ക്കിനിശ്ശാന്തി.'

ൟൟൟ

വടികുത്തി നീങ്ങുന്ന ധൃതരാഷ്ട്രർതൻകൂടെ
വഴികാട്ടി വിദുരരും നീങ്ങി.
പുറകിലോ, ഗാന്ധാരി കുന്തി മുതലായവർ,
ഉരിയാടിയില്ലാരുമൊന്നും.
ദീനമാ നിർമ്മൂകയാത്ര കാൺകെ ഭീമ–
സേനനും പൊട്ടിക്കരഞ്ഞു.
പാദുക ധരിയ്ക്കാതെ ഭീമനെപ്പിന്തുടർ–
ന്നോടുന്നു പാണ്ഡവരശേഷം.
അസ്തബോധം കിതച്ചെത്തുന്നു പിന്നാലെ
ഹസ്തിനപുരപ്രജകളാകെ.

ൟൟൟ

പൂക്കൾ, അവ ചിന്തീടുമക്ഷയസൗരഭം,
പ്രാക്കൾ, വെൺചിറകടിശ്ശബ്ദം,
കുയിലിന്റെ താമരനൂൽത്തെളിപ്പാട്ടുകൾ,
മയിലിന്റെ കേളിവിളയാട്ടം,
നീർച്ചാട്ടമകലെയടുത്തും, കുളിർക്കാറ്റിൽ
നീർക്കണികമുത്തുമണിമാല,
അന്ധകാരത്തിൽ ചുമച്ചു ഗാന്ധാരിയോ
കുന്തിയോ ധൃതരാഷ്ട്രർതാനോ?
വടികുത്തലിൻ രടിത, മങ്ങിങ്ങുണക്കിലയി–
ലടിവെപ്പു വീണു കലമ്പൽ
പുറകിൽ മരവിപ്പോടേ പാണ്ഡവർ, ഹസ്തിന–
പുരപൗരർ, ഏവരും മൂകർ.
ഇതുകണ്ടു മാനത്തനക്കമെന്യേ മുഴു–
മതിചൊരിയുമാകാശഗംഗ.
അന്യരെ മറന്നുപോയ് പ്രക്ഷീണർ മരനിഴലി–
ലവിടവിടെ വീണുമയങ്ങി.
കല്ലില്ല മുള്ളില്ല ഹിംസ്രജന്തുക്കളു–
മില്ലാ സുഷുപ്തിതന്നിരുളിൽ.

ൟൟൟ

ഒടുവിൽ പ്രഭാതം കിഴക്കറിയിക്കവേ
ചടുലമായ് കാനനാഹ്ലാദം.
തെരുതെരെ ഗ്ഗംഗയിൽ സ്നാതരായ് ഹസ്തിന–
പുരപൗരർ വന്നു പണിയുന്നു
ഒരു പർണ്ണശാല ധൃതരാഷ്ട്രഗാന്ധാരിമാർ–
ക്കൊരു പർണ്ണശാല കുന്തിയ്ക്കും.

അതു കണ്ടു പറയുന്നു വിദുരനും, ‘പ്രജകളേ,
തിരികെഗ്ഗമിക്കുവിൻ നിങ്ങൾ;
ഞങ്ങൾക്കുവേണം കിടപ്പിടമെന്നാകിൽ
ഞങ്ങളതു നിർമ്മിച്ചുകൊള്ളും.’

ഘഘഘ

പാണ്ഡവപ്രജകളാ ഞൊടിയിൽ മധ്യാഹ്നമാർ–
ത്താണ്ഡനെ കൈകൂപ്പി നിന്നു.
അമ്മമാരെദ്ധൃതരാഷ്ട്രവിദുരാദിയെ
ആദരപൂർവ്വം നമിച്ചു,
പിന്നെക്കരച്ചിലടക്കുവാനിമവെട്ടി–
നിന്നു, തിരിഞ്ഞുനോക്കാതെ
അമ്മികെട്ടിത്തൂക്കിയിട്ട കാൽവെപ്പോടെ
ചുമ്മാ പദം വെച്ചകന്നു.

ഘഘഘ

ആറാണ്ടു രണ്ടു പോയ് ഹസ്തിനപുരത്തിലൂ–
ടറുപതാണ്ടെന്നപോൽപ്പിന്നെ,
സ്വപ്നത്തിലമ്മയെക്കണ്ടു കണ്ടവശനായ്
സ്വപ്രത്യയഭ്രഷ്ടനായി
എത്തുന്നു വീണ്ടും ഹിമാലയത്തിൽ ധർമ്മ–
പുത്രനേകാകിയൊരുഷസ്സിൽ.
അമ്മയുടെ പാദത്തിൽ വീണെഴുന്നേറ്റവ–
നാരാഞ്ഞു: ‘വിദുരരെവിടെപ്പോയ്?’
‘അറിയില്ലതൊന്നു’ മെന്നോതി ഫലമൂലങ്ങ–
ളർഭകന്നൂട്ടിടുമമ്മ.

ഘഘഘ

ഭാഗീരഥിയിൽ കുളിയ്ക്കുവാൻ ചെന്നളവു
ഭാഗ്യവാൻ ധർമ്മജൻ കണ്ടു
കണ്ണടച്ചിളകാതിരുന്നു തപിയ്ക്കുന്ന
ധന്യനാം വിദുരരുടെ രൂപം.
വായിൽ കരിങ്കല്ലു തിരുകിയ വിദുരന്റെ
പാദത്തിൽ വീണവൻ ചൊല്ലി,
‘വിദുരരേ, കുലഗുരോ ധർമജനങ്ങയ്ക്കു
പദപത്മപൂജ ചെയ്യുന്നു.’
പെട്ടെന്നൊരത്ഭുതജ്യോതിസ്സാ രൂപത്തിൽ
പൊട്ടിവിടർന്നുയരുന്നു,
അതു തന്റെ നിറുകയിൽത്താഴവേ ധർമ്മജ
നത്ഭുതസ്തിമിതനാവുന്നു,
‘ധർമ്മസൂനുക്കളീ വിദുരരും ഞാനുമെ–
ന്നിമ്മുഹൂർത്തത്തിലറിവേൻ ഞാൻ.‘

# ആക്സിലൊടിഞ്ഞ ട്രക്കിൽ നിന്ന് ഒരു പാട്ട്

ശ്രീനഗർ–കാർഗിൽ–പ്പാതയിലിരുളിൽ
സോജിലയെന്നൊരു പാസ്സിൽ
പാതിരനേരത്താക്സിലൊടിഞ്ഞൂ;
ട്രക്കൊരുകൊല്ലിയിൽ നിന്നു.
മറ്റൊരു വണ്ടി വരും വരെ നോക്കി–
ക്കുറ്റിയിരുട്ടിലിരിയ്ക്കാം.

റോഡിലിറങ്ങിക്കൂരിരുൾകീറും
കരുതൽക്കണ്ണുകളോടെ
കുത്തിയിരിക്കും ഡ്രൈവറെ,യെന്നെ–
ക്കൊല്ലിയിലേയ്ക്കെറിയാനോ
ചീറി ഹിമക്കാറ്റ്? ഉടൽ വിറകൊൾവൂ,
തീരെപ്പോരാ വസ്ത്രം.
കഠിനം പശി; മുന്നിൽപ്പലനാഴിക
വിസ്തൃതശൂന്യമിരുട്ടും.
തളരും കണ്ണിൽത്താരക ദൂരെ,
കരളിലെ ഞൊടികൾ മിടിപ്പൂ
2
പടയ്ക്കു ഭക്ഷണമേന്തി ട്രക്കിൽ
പായും ഡ്രൈവർ വിതുമ്പി:
'വെടിയുണ്ടകളെക്കാളീ മലയിൽ
കഠിനം കാലാവസ്ഥ!
മൈനസ്സിരുപതു ഡിഗ്രിച്ചൂടിൽ
മരവിയ്ക്കാം ഞാനിവിടെ.
എവിടേ ശിങ്കിടി? വാ പാടുക തീ–
നാളംപോലൊരു ഗാനം!
പാതിരനക്ഷത്രം കേൾക്കട്ടേ
ഭാരതമോചനഗാനം!
കൂറ്റൻ വളവുകൾ കുത്തനെയുള്ള ക–
യറ്റ,മിറക്ക, മിടുക്കം.
വഴുക്കൽ; ഇതു കാശ്മീറിൻ രക്ത–
ക്കുഴലിൽ തുടരെ നടുക്കം!
ലഡാക്കിൽ ബതലിക്കിൽ ഗ്രാസിൽ കാർ
ഗിലിൽ മാനവരൂപങ്ങൾ
ട്രക്കിൽ വരും ബിസ്കറ്റാൽ ബ്രെഡ്ഡാൽ
നിലനിർത്തേണ്ടൂ പ്രാണൻ.
സ്വന്തം ജീവനെ രക്ഷിയ്ക്കാൻ കൊതി
നമ്മൾക്കില്ലാഞ്ഞല്ല.
ഉപ്പും ധാന്യവുമുള്ളിയുമായ് നാം
ഉഷസ്സിലെത്തീലെങ്കിൽ
പൂവുകളിൽ ചിരി വിരിയാം, പക്ഷേ
ജീവിസഹസ്രം പൊലിയും.
കാശ്മീറിലെ മഞ്ഞണിമാമലയിൽ
കൊടുംതണുപ്പിൽ കാറ്റിൽ
ട്രക്കോടിയ്ക്കുന്നവനേ, ഞാനേ,
ഗുരുനാംസിങ്ങേ കേൾക്കൂ;
ഭവാന്റെ വാഴ്വെന്ത,തിരില്ലാത്തൊരു
നരകം, ദാരുണ,മവശം.
എന്നാലും സ്വപ്രാണൻകാക്കണ–
മെന്നിവനില്ല വിചാരം.
ഏതു മൃഗത്തിനുമുണ്ടാസ്വാർത്ഥം,
ഗുരു നാംസിങ്ങിനതില്ല.
ഗ്രാമങ്ങളിലുണ്ടൊറ്റപ്പെട്ട മ–
നുഷ്യാത്മാക്കളസംഖ്യം.
മറ്റാരെത്തിയ്ക്കും തീപ്പെട്ടികൾ,
കമ്പിളി,യരി, മണ്ണെണ്ണ?
കട്ടപിടിയ്ക്കും മഞ്ഞലമൂടിയ
കാശ്മീർപ്പാതകളൂടെ

മരണഭയം ശേഷിപ്പവരിപ്പോൾ
കാറോടിയ്ക്കാറില്ല!
ശ്രീനഗർ–ലേ വഴിയിലെ ഞൊടിതോറും
മറഞ്ഞുനില്പൂ മരണം!
നുഴഞ്ഞുകയറും ഷെല്ലുകളായി–
പ്പൊഴിഞ്ഞിടും ദുർമ്മരണം!
ട്രക്കിനെ നിർദ്ദയതീവ്രാഹന്തകൾ
തകർത്തിടുന്നു ഗ്രനേഡാൽ;
ഭയമെന്തെന്നറിവീലാ പക്ഷേ,
ഗുരുനാംസിങ്ങുകൾ ഞങ്ങൾ.
പിന്തിരിയാനറിയില്ലാ ഞങ്ങടെ
പിഞ്ചുകിടാവിനുപോലും,
വെടികൾ തുരക്കുകയില്ലാ ഞങ്ങടെ
പൃഷ്ഠം: നെഞ്ചല്ലാതെ.
ഗുരുനാനാക്കിൻ നാടേ, ഭാരത–
ധരണീ, ജയമാതാവേ!
സ്റ്റീറിങ്ങുകളുടെ പിന്നിൽ ദൈവമി–
രുത്തിയ ധർമ്മേച്ഛകളായ്
കാശ്മീർപ്പാതകളിൽക്കുതിക്കൊള്ളും
ഞങ്ങടെ മുഷ്ടിയിലല്ലോ
നിവസിപ്പൂ പലകോടിബ്ഭാരത–
പൗരൻമാരുടെ ഭാവി.
ഇന്നു നിയന്ത്രണരേഖയിൽനിന്നു വി–
ളിപ്പാടകലത്തിരുളിൽ
ഒറ്റപ്പെട്ടഴുതമരും ഗ്രാമ–
ത്തെറ്റത്തലറും തോക്കിൽ
മരണത്തിന്റെ ഭയാനകശബ്ദം
ചെവിപാർക്കുന്നൂ മൗനം.
ഒരു നേരത്തേയ്ക്കാഹാരത്തിനു
വഴിയില്ലാക്കുടിൽ നിരയിൽ
പുറത്തിറങ്ങാൻ, തമ്മാമ്മിൽ പിറു–
പിറുക്കുവാൻ കഴിയാതെ
ട്രക്കുകളുടെ ചെത്തത്തെധ്യാനി–
ച്ചിമവെട്ടാക്കണ്ണോടെ
കുത്തിയിരുന്നു വിറയ്ക്കുന്നവരുടെ–
യുത്തമബാന്ധവർ ഞങ്ങൾ.
ഷെല്ലുകൾ റോക്കറ്റുകളും വർഷി–
യ്ക്കുന്നതുമവർ കേൾപ്പീല.
പീരങ്കികളുടെ ശബ്ദം കേടു വ–
രുത്തീ കാതിലെയഭ്രം.

ഇവരെസ്സേവിച്ചുയിർ പോയാലെ–
ന്നവനം പാവനമായി!
എങ്കിലുമുള്ളിന്നുള്ളിലുമിത്തീ–
പോലെരിയുന്നുണ്ടർക്കൻ.
ധർമ്മമനുഷ്ഠിക്കുന്നവനൂഴിയിൽ
നേടും മോക്ഷം സുദൃഢം!
വീണ്ടും വിടരും കാശ്മീറിന്റെ മ–
നസ്സാക്ഷിത്താഴ്‌വരയിൽ
അനശ്വരതയുടെ കുങ്കുമപുഷ്പ–
പ്രകാശപരിമളഝരിയിൽ

മൈനസ്സിരുപതു ഡിഗ്രിയിലും മുനി–
മൈനകളപ്പോൾപാടും!

എങ്കിലുമതുവരെ നരകോടികളുടെ
ചങ്കിലെ നീരിൽക്കുതിരാൻ
കോതമ്പപ്പൊടി റൊട്ടിയുമായി–
ട്ടേതെങ്കിലുമൊരു ഞൊടിയിൽ
വന്നെത്തുന്ന സുഹൃത്തിൻ ട്രക്കേ,
നിന്നെക്കാത്തമരുന്നു
എന്റെ സുഹൃത്തും ഞാനും വാനിൽ
തിരുവാതിര താരകയും.'
3
പടയ്ക്കു ഭക്ഷണമേന്തി ട്രക്കിൽ
പാഞ്ഞവനിരുളിൽ മയങ്ങി,
മഞ്ഞലകീറിപ്പുലർതാരദ്യുതി–
പുണ്യമയാളെപ്പുൽകി.

# അനേകാഗ്രത

**ഇച്ഛ**
ഇച്ഛപോംവഴി കിതച്ചോടിനേനേറെക്കാലം,
ഇച്ഛപോംവഴി പിന്നെ നടന്നുപിച്ചാപിച്ചാ;
ഇച്ഛ പോംവഴി നോക്കിയിരിപ്പാണിപ്പോൾ; ശരി–
ക്കിച്ഛയില്ലാതായ്ത്തീരാനിനിയും കാലം വേണം.

**അമളി**
മുറ്റത്തുകോടികായ്ക്കുന്നു മാവ;ന്തിക്കു
കറ്റക്കിടാവല്ല കാറ്റതിലാടവേ
ആരോ പടികടന്നെത്തും ചെരിപ്പിന്റെ–
യാരവം കേട്ടെഴുന്നേൽപ്പേനിടയ്ക്കിടെ.
ഓരോ തവണയും കൈകൊട്ടിയാർക്കുന്ന
മാരുതൻ സൽക്കരിച്ചീടുന്നു മാമ്പഴം.

**പശുക്കുട്ടി**
ഇപ്പശുക്കുട്ടിതൻ തുള്ളിക്കളിക്കലി–
ലീശ്വരലാസ്യം കാണുന്നു,
ഇപ്പശുക്കുട്ടി വിടർത്തുന്ന കണ്ണിൽ ഞാ–
നീശ്വരദൃഷ്ടികൾ കാണുന്നു.
ഇപ്പശുക്കുട്ടിതൻ കൈകാലെലുമ്പിൽ ഞാ–
നീശ്വരശക്തിയെക്കാണുന്നു.
ഒരു നാഴികയ്ക്കുമുമ്പീ പ്രപഞ്ചത്തിന്റെ
പരുവമറിയുവാൻ വയ്യാതെ
തള്ളപ്പശുവിൻ വയറ്റിൽക്കിടന്നിവൾ
തുള്ളിക്കളിച്ചതുകണ്ടപ്പോൾ,
കുത്തിയിരിപ്പതെമ്മട്ടിൽ? പതുക്കെ ഞാ–
നെത്തീ തൊഴുത്തിൽ പക്കത്തിൽ:
ഇപ്പോളതോർത്തു ഞാൻ കോൾമയിർക്കൊള്ളുമ്പോ–
ളത്ഭുതസ്തബ്ധനായ് നിൽക്കുമ്പോൾ–
വീർപ്പിടാൻപോലും മറക്കവേ, കുഞ്ഞിനെ–

ത്തോർത്തുന്നു തള്ളതൻ ജിഹ്വാഗ്രം!

**മച്ചിൽനിന്ന്**
'മച്ചിൽ നിന്നെന്താണൊച്ച?' യെന്നെന്റെ ചോദ്യം: ചൊല്ലീ
'നൊച്ചനല്ലെങ്കിൽപ്പൂച്ച'യെന്നുത്തമാർദ്ധം; പക്ഷേ,
വാതിൽ ഞാൻ തുറന്നപ്പോൾ പുഞ്ചിരി പുരട്ടിയ
വായിൽ വെണ്ണയുമായി നിൽക്കുന്നതുണ്ണിക്കണ്ണൻ!
അല്ലി, തെൻ പേരക്കിടാവല്ലയോ? വ്യത്യാസമെ–
ന്തുള്ളുഹേ, ജീവാത്മാവും പരമാത്മാവും തമ്മിൽ?

**ശോകനാശിനി**
ആശയുണ്ടെനിക്കെന്നോ മുതൽ ശോക–
നാശിനിയിലൊന്നാണ്ടു മുഴുകുവാൻ.
ഈയിടെബ്ഭാഗ്യം, അല്ല നിർഭാഗ്യമോ,
ആ നദിയുടെ വക്കത്തു ചെന്നു ഞാൻ
വറ്റിയ നദീഹൃത്തിൽ കൊടുംകാടു
മുറ്റിനിൽപ്പതു കണ്ടു ഹതാശനായ്
പോയ കാലിൽ തിരിച്ചു പോന്നീടവേ
പായുവാൻ കരുത്തില്ലാതൊഴുകുന്നു
ആറ്ററികിലെ നീർവര, മൂളുന്നു
കാറ്റു പക്ഷേ, നിരന്തരമോങ്കാരം.
കാട്ടിനുള്ളിലിരുന്നരുളുന്നു നാ–
നൂറ്റിലേറെ വർഷങ്ങൾക്കുശേഷവും
ധ്യാനലീനമായജ്ജഗദാചാര്യ–
പ്രാണനെന്നോ മനസ്സിലാക്കേണ്ടു ഞാൻ?
കാട്ടിലെന്നാൽ കടന്നുനോക്കീല ഞാൻ
കൂട്ടുകാർ കളിയാക്കിച്ചിരിച്ചാലോ?

# ഉതിർമണികൾ

1. സൗഖ്യങ്ങൾ മാത്രമേ
   ലാഭമെന്നണ്ണായ്ക
   ദുഃഖങ്ങളും ബഹു ലാഭം,
   ലാഭങ്ങളേറുമ്പോൾ
   താണുവരുന്നതു
   ലോഭങ്ങളെന്നറിഞ്ഞാലും!
2. ചിരിക്കാവൂ കൈയി–
   ലെഴുത്തുകോലിന്റെ
   പുറകിലെപ്പോഴും
   പവിത്രമോതിരം

# നൈമിഷ സൗഭാഗ്യം

**മ**ന്ദാരസൗരഭ സുവർണ്ണങ്ങളിൽ പ്രകൃതി–

വൃന്ദാവനസ്മരണതൻ സാന്ധ്യകൗമുദിയിൽ
നീരാളനിത്യനിചോളം വിടർത്തിയ
നീഹാരികേ, നിമിഷമുദ്രിതസൗഭഗേ,
നിന്റെ വാസന്തിക പുഷ്പരേണുക്കളിൽ

എന്റെ കണ്ണീരിൻ പ്രതിബിംബനങ്ങളായ്
സ്പന്ദിച്ചു നിൽക്കെപ്പൊലിഞ്ഞുപോകുന്നുവോ
നന്ദനഗ്രീഷ്മം? അലിഞ്ഞുപോകുന്നുവോ
വീണുടഞ്ഞെന്നഹംഭാവപ്രപഞ്ചങ്ങൾ
വേണുഗാനത്തിൻ ലഹരിപുണ്യങ്ങളിൽ?

# മൂന്ന് മുഹൂർത്തം

ബസ്സു കേറേണ്ടിടത്തെല്ലാം
വരിയായ് നില്പതെന്നു നീ?
അന്നേ ജനായത്തയുഗ–
മാരംഭിക്കുന്നതിന്ത്യയിൽ.

ဘဘဘ

മനസ്സിലെത്താഴ്‌വരയിൽക്കാടുകൾ
നട്ടുവളർത്തുമ്പോൾ
വെയിൽക്കാണും കാടുകളെല്ലാം
വെട്ടിക്കളയുന്നു.
മനസ്സിലുള്ള മൃഗങ്ങളെയെല്ലാം
തീറ്റിപ്പോറ്റുമ്പോൾ
വെളിയിൽക്കണ്ട മൃഗങ്ങളെയെല്ലാം
വെടിവച്ചീടുന്നു.
മനസ്സിലുള്ള മരിച്ച മനുഷ്യരെ–
യാരാധിക്കുമ്പോൾ
വെളിയിൽജ്ജീവിക്കുന്ന മനുഷ്യരെ–
യവഹേളിക്കുന്നു.

ဘဘဘ

കണ്ണുകെട്ടിച്ചെന്നു കണ്ണാടി നോക്കുന്ന
വിണ്ണിനോടെന്തുപറയും,
മിന്നുകെട്ടിച്ചെന്നു പൊന്നൂഞ്ഞാലാടുന്ന
മിത്ഥ്യയെപ്പറ്റിയല്ലാതെ?

# തൊള്ളേക്കണ്ണൻ

ആലത്തൂരെ ഹനുമാനേ, കാ–
ണരുതേ പേടിസ്വപ്നം.
കണ്ടാൽ, കനിവേ, നിൻ തിരുവാലാൽ
തട്ടിയുണർത്തണമെന്നെ!

അഹസ്സുപകരും വരെയിനി മെത്ത–
പ്പായിൽ തിരിമറി തന്നെ.
ജാഗ്രൽസ്വപ്നസുഷുപ്തികളല്ല തു–
രീയവു,മീവൈവശ്യം.
കറങ്ങിടും ഫാൻ ജലദോഷത്തിനു
കാരണമെന്നൊരു പക്ഷം,
കൊതുകടിയേക്കാൾ ഭേദം ചീറും
മുക്കൊലിയെന്നെതിർപക്ഷം.

കൊതുസംഹാരികൾ സുലഭം; വടിയും

കുത്തിക്കടയിൽച്ചെന്നാൽ
തെരുവിലെ ബഹളം കാരണമെല്ലാം
മറന്നുപോയൽഷീമർ.

പണ്ടൊരു റെയിൽവെസ്റ്റേഷൻ ബഞ്ചിൽ
കണ്ടതുപക്ഷേ സ്പഷ്ടം;
മലർന്നു കൂർക്കം വലിച്ചിടുന്ന സു–
ഹൃത്തിൻ ഷർട്ടിൽക്കൂടെ
മുതിരകണക്കെച്ചിതറിനടന്നൂ
മൂട്ടകൾ നിസ്സന്ദേഹം.
സുഹൃത്തുണർന്നളവാരാഞ്ഞപ്പോൾ
സുസ്മിതവദനൻ ചൊല്ലീ,
'ആവശ്യത്തിനു ഗന്ധകമില്ലാ
ചോരയി,ലതുകൊണ്ടാവും
കൊതുമൂട്ടകളെ പ്രാകുന്നു ചിലർ;
കടിയ്ക്കയില്ലവരെന്നെ.'

മുതുക്കനുളവാം ചിത്തഭ്രമമിവ
എങ്കിലുമോർത്തീടേണ്ടു
നാനാത്വങ്ങളെയേകത്വത്തിൽ
കുറുക്കിടും ശാസ്ത്രജ്ഞൻ
കാലാവസ്ഥയ്ക്കെന്തോ തകരാ–
റീലോകത്തുണ്ടിപ്പോൾ,
ഓസോൺകുടയിൽ തുളയാൽ നിത്യ–
പ്രതിഭാസം ജലദോഷം.
എല്ലാ വൃദ്ധന്മാരും സ്ലീപ്പിങ്
പില്ലിനുപോയ് ക്യൂനില്പൂ
മരണം ഗുളികകളാക്കി വിഴുങ്ങാ–
നീയുള്ളവനൊരു നാണം.

എത്ര വിഷാദാവിലമായാലും
ചിത്രംതാനീ വിശ്വം.
മണിപോയലതുമുണ്ടാക്കീടാം
തുണിപോയാലതുമാവാം
പ്രാണൻ പോയാലുണ്ണികളേ, പുന–
രുണ്ടാവില്ലെന്നമ്മ.

പുട്ടിനു ചിരകിയ തേങ്ങകണക്കെ
പുലരികളിൽ ഹേമന്തം,
ഉച്ചയ്ക്കല്പം ഗ്രീഷ്മം; സന്ധ്യ–
യ്ക്കുഗ്രൻ വർഷാകാലം.
പ്രാതസ്നാനം ചെയ്തതുകൊണ്ടോ
കാതടയാനിടവന്നു?
തലയിൽ തേച്ചേനെണ്ണ,യതിത്തിരി
കുലുമാലായിപ്പോയോ?
ലംബതിരശ്ചീനപ്രകൃതീശ്വരി
തലകീഴായിത്തീർന്നു.
കണ്ണുകൾ കാതുകളടയുന്നുണ്ടോ?
ചില്ലറയല്ലീശങ്ക.
കാലത്തെക്കുളി കഴിഞ്ഞുവന്നാ–
ലാണിതു രാത്രിയിലല്ല!
മഴയുടെ കൂടെപ്പെയ്യുന്നുണ്ടൊരു
മഞ്ഞിക്കാലത്തില്ലേ?

പിരടിയ്ക്കെന്തോ വലിവുണ്ടുയരാ
പുറകിൽ ചൊറിയാൻ കൈകൾ.
അരയിൽപ്പിന്നിൽ തൂക്കിയതാരാ–
ണമ്മിക്കുഴപോലെന്തോ!
മുട്ടിൽ ചുളുചുളെയെന്തിതു? കാലടി
മുട്ടുന്നില്ലേ മണ്ണിൽ?
അഥവാ കാലടി മുട്ടുന്നതു ഞാ–
നറിയുന്നില്ലെന്നാണോ?
കണ്ണുകൾ കാതുകൾ കൈകാൽ ഒന്നുമി–
തെന്നുടെയെല്ലെന്നുണ്ടോ?
പിടയുകയോ ഞാൻ, കുട്ടിക്കുപ്പാ–
യത്തിന്നുള്ളിലെ വൃദ്ധൻ?

വർണ്ണാലങ്കാരച്ചുമടേറ്റി–
ക്കണ്ണും മുഖവും മൂടി
ചിലമ്പണിക്കാലടിവെച്ചിടവഴി
കയറും പൂതം ചൊൽവൂ:
'കൊറ്റിനുവേണ്ടിച്ചുറ്റി നടപ്പൂ
ഞാനൊരു തൊള്ളേക്കണ്ണേൻ.'
ശരിവെപ്പൂ പിൻഗാമികൾ: 'ഞാനും
ഞാനും തൊള്ളേക്കണ്ണേൻ.'

കോഴികളകലെക്കൂവീ, ചാരേ
നാഴികമണിയും മുട്ടീ,
ഒന്നേ രണ്ടേ മൂന്നേ നാലേ
അഞ്ചേ ആറേ ഏഴേ
എട്ടേ ഒമ്പതേ പത്തേ പതിനൊ–
ന്നേ പന്ത്രണ്ടേ ഏ..ഏ...

# ഇളിച്ചിവായൻ

തിളങ്ങിടും മിൽത്തുണിയുടെ വെൺമയി–
ലിളിച്ചിവായനിരിയ്ക്കുന്നു.
മൊട്ടത്തല, നെറ്റിച്ചുളി, കാതിൻ
തട്ടവലിപ്പം മേൽമീശ,
ഇരുപല്ലില്ലാത്തൊണ്ണുകളിൽ കള–
വറിയാത്ത തമാശച്ചിരിയും!
2
അഞ്ചുവയസ്സിലിതാരെന്ന,ച്ഛനൊ–
ടാരാഞ്ഞു മമ കുട്ടിത്തം.
'ഇളിച്ചിവായൻ,' ചൊന്നാനച്ഛൻ, 'ഇ–
തിന്ത്യയിലെഗ്ഗാന്ധ്യമ്മാമൻ.
ആഫ്രിക്കയിലെ സ്വാതന്ത്ര്യത്തി–
ന്നർപ്പിച്ചുപണ്ടിദ്ദേഹം
ഇരുപല്ലി, നിയുള്ളവയോ, താനീ–
യിന്ത്യയ്ക്കായുമുഴിഞ്ഞിട്ടു.'
പിന്നെക്കാൽനൂറ്റാണ്ടിനുശേഷം
തന്നാനാ മുനിയിന്ത്യയ്ക്കായ്
മുപ്പതു പല്ലൊത്തുടലും; വെടിയുടെ

ശബ്ദസ്മൃതിയിൽ നടുങ്ങുമ്പോൾ
ഇപ്പൊഴുമെന്റെ കരൾച്ചുമരിന്മേ–
ലിളിച്ചിവായനിരിയ്ക്കുന്നു!

## ആശ്വാസം

എല്ലാവാക്കിനുമർത്ഥമുണ്ടവ ചിതം
പോൽ കോർത്തു സാകൂതമാ–
മുല്ലേഖങ്ങൾ രചിയ്ക്കുവാനൊരു മനു–
ഷ്യായുസ്സുഴിഞ്ഞിട്ടു ഞാൻ;
കല്ലോലങ്ങളിൽനിന്നു വാർദ്ധിയെ, ജഗ–
ന്നാനാത്വഭാസത്തിൽ നി–
ന്നുല്ലാസപ്രദനിത്യസുന്ദരതയെ
ഘ്രാണിച്ചു പൂജിച്ചു ഞാൻ.
എന്തേ നേടിയതീ ജഗൽകദനമീ–
ശങ്കൽ സമർപ്പിച്ചതി–
ന്നെന്നാരാണ്ടിരുളിൽ ചിരിപ്പതിവിടെ–
കേൾക്കാതിരീപ്പീല ഞാൻ;
സന്താപത്തിൽ മമൈഹികം പിടയുമീ
ഘോരാന്ധകാരത്തിലും
ചിന്താമുക്തസുഷുപ്തിപൂണ്ടു സസുഖം;
മറ്റെന്തു നേടേണ്ടൂ ഞാൻ?